# KSSiA NEWS

വ്യവസായ മാസിക

www.kssia.com

kssianews@gmail.com

e-magazine

JOURNAL OF THE KERALA STATE SMALL INDUSTRIES ASSOCIATION. SEPTEMBER 2025. ₹5.00

VOL. 10 - ISSUE NO. 03 - DATE OF PUBLICATION 25TH SEPTEMBER, 2025 - REGN. NO. KERBIL/2005/23143 - TOTAL PAGES: 24


# ജി.എസ്.ടി. 2.0

രണ്ട് സ്ലാബുകൾ, ഒരു വലിയ പരിഷ്കാരം,
സൂക്ഷ്മ ചെറുകിട ഇടത്തരം വ്യവസായങ്ങളെ എങ്ങനെ ബാധിക്കും?



KSIDC | Government of Kerala | KERALA LIFESCIENCES INDUSTRIES PARKS (P) LTD
Subsidiary of Kerala State Industrial Development Corporation Limited

Life Sciences Industries Expo & Conclave

# BIO CONNECT 3.0

## INNOVATION TO INDUSTRY

**9 - 10 OCTOBER 2025**

Venue: The Leela, Kovalam, Thiruvananthapuram




Scan & Register

Leading the way towards a healthier and sustainable future.

www.ksidc.org
www.bioconnectkerala.com

**THE KERALA STATE SMALL INDUSTRIES ASSOCIATION**
Building No. X/26A, HMT Industrial Estate,
Kalamassery - 683 503. ✆ 94963 60300
kssiastate@gmail.com, www.kssia.com

**STATE OFFICE BEARERS**

**State President**
A. Nizarudeen
Kollam. ✆ 94477 10078
✉ nazwoodind@gmail.com

**General Secretary**
Joseph Paikada
Kannur. ✆ 94972 24422
✉ josephpaikada@gmail.com

**State Vice Presidents**
P. J. Jose
Cochin. ✆ 98460 53553
✉ info@manoramasalescorporation.com

A. Fasiludeen
Trivandrum. ✆ 94007 04000
✉ fthoppil@yahoo.com

A.V. Sunilnath
Kozhikode. ✆ 93497 44145
✉ sunilnath@walkaroogroup.com

**State Treasurer**
Jayakrishnan B.
Idukki. ✆ 94475 30569
✉ jayakrishnantoyo@yahoo.co.in

**State Joint Secretaries**
M.S. Anaz
Alappuzha. ✆ 98470 42743
M.M. Mujeeb Rahiman
Ernakulam. ✆ 94477 36134
Anvar.K.V.
Malappuram. ✆ 93499 35511

**Editorial Board**

**Chief Editor**
S. Salim
Kollam, ✆ 93873 05751
✉ md@unicornplywoods.com

**Members**
A. Nizarudeen ..... ✆ 94477 10078
Joseph Paikada..... ✆ 94972 24422
Rajesh. G ........... ✆ 98957 03837
Thomas Mathew.. ✆ 80756 59942
Eshaque K.......... ✆ 98470 08185
Dr. K.M. Khalid.. ✆ 94460 34576

**Publisher**
A. Nizarudeen
✆ 94477 10078

**Printer**
Rajesh G.
✆ 98957 03837

**Printing, Cover Design & Layout**
Rajsree Industrial Printer,
Edayar. ✆ 0484-2559701, 2558538

## ഉള്ളടക്കം

➤ **എഡിറ്റോറിയൽ:**
വളർച്ചയാണ് ലക്ഷ്യം ................................ 3

➤ **പ്രസിഡൻഷ്യൽ റിപ്പോർട്ട്:**
ജി.എസ്.ടി. പരിഷ്കാരം എം.എസ്.എം.ഇ.കളുടെ വളർച്ചയ്ക്ക് സഹായകരം:
ചില അപാകതകളും പരിഹരിക്കണം .................... 5

➤ **വോയിസ് ഓഫ് ജനറൽ സെക്രട്ടറി:**
അമേരിക്ക ഇറക്കുമതി ചുങ്കം കുത്തനെ വർധിപ്പിച്ചത് ഇന്ത്യൻ കയറ്റുമതി മേഖലയ്ക്ക് ഉണ്ടാകുന്ന പ്രത്യാഘാതം തരണം ചെയ്യാൻ പ്രത്യേക പാക്കേജ് പ്രഖ്യാപിക്കണം. ...................... 7

➤ **ജി.എസ്.ടി.:** ജി.എസ്.ടി.യിലെ മാറ്റങ്ങൾ 22.09.2025 മുതൽ ഒറ്റനോട്ടത്തിൽ .................. 9

➤ നിങ്ങളുടേത് ശരിയായ ഇൻഷുറൻസ് പോളിസിയാണോ? ........................................ 13

➤ കണ്ണൂരിലെ ജനറൽ എഞ്ചിനീയറിംഗ് മേഖലയിലെ സംരംഭകർക്ക് ശുഭപ്രതീക്ഷ പകർന്ന് കോമൺ ഫെസിലിറ്റി സെന്റർ ............. 14


➤ ബയോ കണക്ട് 3.0: കേരള ലൈഫ് സയൻസസ് കോൺക്ലേവ് - ജീവശാസ്ത്ര മേഖലയിലെ പുതിയ ചുവടുവയ്പ്പിന് കേരളം ഒരുങ്ങുന്നു.................... 16

➤ 5% പലിശയ്ക്ക് രണ്ടു കോടി വരെ മുഖ്യ മന്ത്രിയുടെ സംരംഭ വായ്പ പദ്ധതി തുടരും........ 18

**KSSiA NEWS**
വ്യവസായ മാസിക
www.kssia.com
kssianews@gmail.com e-magazine
Journal of THE KERALA STATE SMALL INDUSTRIES ASSOCIATION - SEPTEMBER 2025 - ₹5.00

## എഡിറ്റോറിയൽ

# വളർച്ചയാണ് ലക്ഷ്യം



സുഹൃത്തുക്കളെ, നമ്മുടെ സംഘടനയുടെ വളർച്ചയിൽ ചെറുകിട വ്യവസായങ്ങൾ സന്തോഷത്തിലാണ്. എങ്കിലും ഗൗരവതരമായ ഒരു വീഴ്ചയിൽ അസംതൃപ്തരുമാണ്.

നമ്മുടെ സംഘടനയുടെ ആത്മാർത്ഥതയും സത്യസന്ധവുമായ പ്രവർത്തികൾ കൊണ്ട് സർക്കാരിന്റെ സജീവമായ ശ്രദ്ധ നേടിയെടുക്കാൻ നമുക്ക് കഴിഞ്ഞു. വ്യവസായങ്ങളെ ബാധിക്കുന്ന, നയരൂപീകരണത്തിന്റെ, കാലാനുസൃതമായ വികസനത്തിന്റെ, പദ്ധതികളിൽ ഒക്കെ ആസൂത്രണം തുടങ്ങുമ്പോൾ നമ്മുടെ സംഘടനാ പ്രതിനിധികളെ ചർച്ചയ്ക്കായി ഒപ്പം കൂട്ടാറുണ്ട്. നമ്മുടെ അവകാശങ്ങളും, സർക്കാർ ഗൗരവമായി പരിഗണിക്കാറുണ്ട്. ഈ വളർച്ചയിൽ ആകൃഷ്ടരായ 18 മറ്റു സംഘടനകൾ നമ്മുടെ സംഘടനയിൽ അഫിലിയേറ്റ് ചെയ്തിട്ടുണ്ട്.

കാരണം നമ്മുടെ സംഘടനയുടെ പ്രവർത്തനം അംഗങ്ങൾക്ക് വേണ്ടി മാത്രമല്ല എല്ലാ വ്യവസായ എം.എസ്.എം.ഇ. യൂണിറ്റുകൾക്കും വേണ്ടിയാണ്. അതു തന്നെയാണ് നമ്മുടെ ലക്ഷ്യത്തിന്റെ പ്രത്യേകതയും. നിർഭാഗ്യമെന്ന് പറയട്ടെ നമ്മുടെ സംഘടനയുടെ വളർച്ചയ്ക്ക് ഒപ്പം അംഗങ്ങളുടെ എണ്ണം വർദ്ധിക്കുന്നില്ല അക്കാര്യത്തിൽ അടിയന്തരമായി നാം പുതിയൊരു കർമ്മ മുഖം തുറക്കേണ്ടിയിരിക്കുന്നു.

അംഗങ്ങളെ വർധിപ്പിക്കേണ്ടത് ജില്ലാ കമ്മിറ്റികളും താലൂക്ക് കമ്മിറ്റികളും ആണല്ലോ. ജില്ലാ കമ്മിറ്റികൾ അതിനു മുൻകൈ എടുക്കേണ്ടതാണ്. നമ്മുടെ വളർച്ചയ്ക്ക്, അഭിമാനത്തിന് അംഗസംഖ്യ വർധിപ്പിച്ചേ മതിയാകൂ. ജില്ലാ കമ്മറ്റികളും താലൂക്ക് കമ്മിറ്റികളും സജീവമാകണമെന്ന അഭ്യർത്ഥനയോടെ.

**എസ്. സലിം**
**ചീഫ് എഡിറ്റർ**

MOFPI
MINISTRY OF FOOD PROCESSING INDUSTRIES
GOVERNMENT OF INDIA

PMFME

വ്യവസായ വാണിജ്യ വകുപ്പ്
കേരള സർക്കാർ

K-bip



# ഭക്ഷ്യ സംസ്കരണ മേഖലയിലെ സൂക്ഷ്മ സംരംഭങ്ങൾക്ക് വലിയ ഉയരങ്ങൾ താണ്ടാം

## പ്രധാൻ മന്ത്രി സൂക്ഷ്മ ഭക്ഷ്യ സംസ്കരണ സംരംഭങ്ങളുടെ രൂപവൽക്കരണ (പിഎംഎഫ്എംഇ) പദ്ധതി

**ഓരോ അപേക്ഷകനും ആദ്യാന്ത്യം സമ്പൂർണ കൈത്താങ്ങ് ഉറപ്പാക്കുന്നു**

### • 10 ലക്ഷം രൂപ വരെ സബ്സിഡി

യോഗ്യമായ പദ്ധതി ചിലവിന്റെ 35% ക്രെഡിറ്റ് ലിങ്ക്ഡ് മൂലധന സബ്സിഡിയായി പരമാവധി 10 ലക്ഷം രൂപ വരെ ധനസഹായം

### • എസ്.എച്ച്.ജി. അംഗങ്ങൾക്ക് 40,000 രൂപ വരെ ധനസഹായം

സ്വയം സഹായ സംഘങ്ങളിലെ ഓരോ അംഗത്തിനും പ്രവർത്തന മൂലധനത്തിനും ചെറിയ ഉപകരണങ്ങൾ വാങ്ങുന്നതിനും 40000 രൂപ വരെ ധനസഹായം

### • പൊതു അടിസ്ഥാന സൗകര്യത്തിന് 3 കോടി രൂപ വരെ

പൊതു അടിസ്ഥാന സൗകര്യത്തിനും മൂലധന നിക്ഷേപത്തിനും എസ്.എച്ച്.ജി., എഫ്.പി.ഒ., സഹകരണ സംഘങ്ങൾ എന്നിവയ്ക്ക് 3 കോടി രൂപ വരെ ധനസഹായം



**കൂടുതൽ വിവരങ്ങൾക്ക്**

**ജില്ലാ വ്യവസായ കേന്ദ്രങ്ങളുമായി ബന്ധപ്പെടുക**


**വ്യവസായ വാണിജ്യ ഡയറക്ടറേറ്റ്**
മൂന്നാം നില, വികാസ്ഭവൻ പി.ഒ., തിരുവനന്തപുരം - 695033.
ഫോൺ: 91 471 2302774 | ഫാക്സ്: +91 471 2305493
ഇമെയിൽ: industriesdirectorate@gmail.com
വെബ്: www.industry.kerala.gov.in

K-bip
**കേരള ബ്യൂറോ ഓഫ് ഇൻഡസ്ട്രിയൽ പ്രൊമോഷൻ**
2, വിദ്യാ നഗർ, പൊലീസ് ഗ്രൗണ്ടിന് എതിർവശം,
തൈക്കാട് പി.ഒ., തിരുവനന്തപുരം - 695014.
ഫോൺ: +91 471 2321882 | ഫാക്സ്: +91 471 2322883
ഇമെയിൽ: kbip@keralaindustry.org | വെബ്: www.kbip.org


**പി.എം.എഫ്.എം.ഇ. കേരളം ഹെൽപ് ലൈൻ: 97470 22883**



# ജി.എസ്.ടി. പരിഷ്കാരം എം.എസ്.എം.ഇ.കളുടെ വളർച്ചയ്ക്ക് സഹായകരം: ചില അപാകതകളും പരിഹരിക്കണം

## പ്രസിഡൻഷ്യൽ റിപ്പോർട്ട്

ചെറുകിട വ്യവസായികളാണ് എം.എസ്.എം.ഇ. സെക്ടറിൽ ഉള്ളത്. അവരിൽ 30% പേർ ജോബ് വർക്കിനെ ആശ്രയിച്ചിരിക്കുന്നവരാണ്. ജോബ് വർക്കിംഗ് റേറ്റ് ഓഫ് ടാക്സ് നിലവിൽ 12 ശതമാനം ആയിരുന്നത് 18% ആകുമ്പോൾ ഉൽപ്പന്നത്തിന്റെ കോസ്റ്റ് ഓഫ് പ്രൊഡക്ഷൻ വർദ്ധിക്കും. ഒരു മെറ്റീരിയൽസിന്റെ റേറ്റ് ഓഫ് ടാക്സ് കൂടുതലും ഫിനിഷ്ഡ് ഫൈനൽ പ്രൊഡക്ഷൻ റേറ്റ് ഓഫ് ടാക്സ് കുറവും വരുന്ന സമയത്ത് I.D.S. എന്ന ഒരു സ്ഥിതി വിശേഷം ജി.എസ്.ടി. യിൽ ഉണ്ടാകുന്നു. റീഫണ്ട് ലഭിക്കും. അത്തരം സന്ദർഭങ്ങളിൽ എന്നാണ് 56-മത്തെ ജി.എസ്.ടി. കൗൺസിൽ തീരുമാനം എടുത്തിരിക്കുന്നത്. എന്നാൽ ഏതൊരു വ്യവസായ സ്ഥാപനത്തിന്റെയും ഏതൊരു ജോബ് വർക്ക് സേവന മേഖലയെ ഉൾപ്പെടെ ആയിരിക്കുന്നത് കൊണ്ട് റീഫണ്ട് കിട്ടുന്നത് കൊണ്ട് പരിമിതികൾ ഉണ്ട്. ഫലത്തിൽ ഇൻവേർഡഡ് ഡ്യൂട്ടി സെക്ടർ കൊണ്ട് എം.എസ്.എം.ഇ. മേഖലകളിൽ പ്രയോജനം ഉണ്ടാകുന്നില്ല. അതു കൂടാതെ സംസ്ഥാന സർക്കാരിന്റെ സാമ്പത്തിക നിലയിൽ എന്തെങ്കിലും പ്രശ്നങ്ങൾ ഉണ്ടാകുമ്പോൾ റീഫണ്ട് കിട്ടാനുള്ള കാലതാമസം ബിസിനസ്സുകാരുടെ ക്യാഷ് ഫ്ലോയെ നന്നായി ബാധിക്കും.

സേവന മേഖലയിലുള്ള ഇൻപുട്ട് ടാക്സ് കൂടി ഇൻവേർഡ് ഡ്യൂട്ടി സെക്ടർ പരിമിതിയിലേക്ക് വ്യക്തതയോടെ കൊണ്ടുവന്ന് സമയബന്ധിതമായി റീഫണ്ട് കിട്ടാത്തിടത്തോളം സമയം ജി.എസ്.ടി. ഭേദഗതികൾ എം.എസ്.എം.ഇ. മേഖലയ്ക്ക് ഒരു ബാധ്യതയാകുന്നു. പ്രിന്റിങ് മേഖല, റബ്ബർ അധിഷ്ഠിത വ്യവസായ മേഖല, പി.വി.സി. മേഖല, എൻജിനീയറിങ് മേഖലാ തുടങ്ങി ദൈനംദിന കൺസ്യൂമേഴ്സ് പ്രോഡക്ടുകൾ തുടങ്ങിയവയിൽ ഒക്കെ കോസ്റ്റ് ഓഫ് പ്രൊഡക്ഷൻ വർദ്ധിക്കും. ആശ്വാസകരമായ കാര്യം ജി.എസ്.ടി. ട്രൈബ്യൂണലിന്റെ പ്രവർത്തനം കെട്ടിക്കിടക്കുന്ന ഡിസ്പ്യൂട്ടുകൾക്ക് ഒരു പരിഹാരമാകും എന്ന് വിശ്വസിക്കുന്നു.



ജി.എസ്.ടി. സ്ലാബുകൾ 5, 12, 18, 28 എന്നീ സ്ലാബുകൾ 5, 18 സ്ലാബുകളാക്കി ജി.എസ്.ടി. നിരക്കുകൾ 2 സ്ലാബുകളാക്കി നിശ്ചയിച്ചു എന്ന് പറയുന്നുണ്ടെങ്കിലും ആഡംബര വസ്തുക്കൾക്ക് 40 ശതമാനം നികുതി ചുമത്തി പുതിയ സ്ലാബ് കൂട്ടി ചേർത്തിരിക്കുകയാണ്. ഫലത്തിൽ 3 സ്ലാബുകൾ.

രണ്ട് നികുതി നിരക്ക് എന്ന് പറയുമ്പോൾ തന്നെ നിലവിൽ അതിന്റെ എത്രയോ ഇരട്ടി നികുതി നിരക്കുകളാണ് ഇപ്പോഴും 22.09.2025 നു ശേഷവും നിലനിൽക്കുന്നത് എന്നതും ജി.എസ്.ടി. യുടെ ലളിത നികുതി എന്ന കാര്യത്തിൽ നിന്നുള്ള വ്യതിചലനം തന്നെയാണ്. ചുരുക്കത്തിൽ എം.എസ്.എം.ഇ. സെക്ടറുകാർ ജി.എസ്.ടി. യുടെ പുതിയ പരിഷ്കാരങ്ങളിൽ ആകാംക്ഷഭരിതരാണ്.

ജി.എസ്.ടി. സ്ലാബ് പരിഷ്കരണം ചില വിഭാഗങ്ങൾക്ക് ഗുണം ചെയ്യുമെങ്കിലും മറ്റു ചില മേഖലയ്ക്ക് ദോഷം ചെയ്യും. ട്രാക്ടർ, ട്രെഡ് റബ്ബർ ഉല്പാദന മേഖലയ്ക്ക് ഈ പരിഷ്കരണം ദോഷകരമാണ്. പുതിയ ട്രാക്ടർ ടയറുകൾക്ക് 5 ശതമാനവും, പ്രകൃതിദത്ത റബ്ബറിനെ (അസംസ്കൃത വസ്തു) 5 ശതമാനവും, ട്രാക്ടർ ട്രെഡ് റബ്ബറിന് (റീട്രെഡ് ചെയ്യുന്നതിനുള്ള) 18 ശതമാനവുമാണ് നികുതി നിരക്ക് റീ ട്രെയ്ഡ് ചെയ്ത ട്രാക്ടർ ടയറുകൾ പുതിയ ടയറുകളേക്കാൾ 30 - 50 ശതമാനം വില കുറഞ്ഞതാണ്. എന്നാൽ ജി.എസ്.ടി. വ്യത്യാസം കർഷകർക്കുള്ള സാമ്പത്തിക ആശ്വാസം നിഷേധിക്കപ്പെടും. സ്വത്ത് പരിപാലനം, എണ്ണ പ്രൊഡക്ഷൻ കുറയ്ക്കൽ, വിളവ്, വർദ്ധിച്ചു വരുന്ന ചെലവുകളും കർഷകരുടെ ബുദ്ധിമുട്ടുകൾ കൂടാനെ സാധിക്കു. ഇതുമൂലം ഈ മേഖല പൂർണ്ണമായോ, ഭാഗികമായോ അടച്ചു പൂട്ടൽ ഭീഷണിയെ നേരിടുമെന്ന് മാത്രമല്ല ഇതിലെ ആയിരക്കണക്കിന് സംരംഭകരുടെയും അതിലെ പതിനായിരക്കണക്കിന് തൊഴിലാളികളുടെയും ഉപജീവനമാർഗ്ഗം ഇല്ലാതാകും. ട്രാക്ടറിന് സ്വഭാവിക റബ്ബറാണ് ഉപയോഗിക്കുന്നത്. ട്രാക്ടറിന് റീട്രെഡ് ചെയ്യുമ്പോൾ 18 ശതമാനം ജി.എസ്.ടി. ആണ് ഈടാക്കുന്നത്. ഇത് ഈ മേഖലയെ സാരമായി ബാധിക്കും. പുതിയ ട്രാക്ടർ റബ്ബറിന് 5 ശതമാനം മാത്രമാണ് നികുതി നിരക്ക്. ഇത് കണക്കിലെടുത്ത് ട്രാക്ടർ ട്രെഡ് റബ്ബറിന്റെ ജി.എസ്.ടി. നിരക്ക് 18 ശതമാനത്തിൽ നിന്നും 5 ശതമാനമായി കുറക്കണം. ഇത് കർഷകർക്കും ഇതുമായി ബന്ധപ്പെട്ട എല്ലാ വിഭാഗങ്ങൾക്കും ആശ്വാസം നല്കും. ■

**എ. നിസാറുദ്ദീൻ**
**സംസ്ഥാന പ്രസിഡന്റ്**




KSSIA NEWS

## KSSIA NEWS
## (Vyavasayam)
## Monthly Magazine
## Advt. Tariff

| | | |
|---|---|---|
| Front Page Bottom (Colour) | - | 12,000 + G S T |
| Full Back page (Colour) | - | 15,000 + G S T |
| Full Back page inside (Colour) | - | 10,000 + G S T |
| Full Front Page inside (Colour) | - | 10,000 + G S T |
| Full page inside (Colour) | - | 9,000 + G S T |
| Half page inside (Colour) | - | 5,000 + G S T |
| Quarter page inside (Colour) | - | 3,000 + G S T |

Journal Size Demy 1/4
Number of pages – 24
**Discount**
For 12 months insertion 15%
For 6 months insertion 10%





# അമേരിക്ക ഇറക്കുമതി ചുങ്കം കുത്തനെ വർധിപ്പിച്ചത് ഇന്ത്യൻ കയറ്റുമതി മേഖലയ്ക്ക് ഉണ്ടാകുന്ന പ്രത്യാഘാതം തരണം ചെയ്യാൻ പ്രത്യേക പാക്കേജ് പ്രഖ്യാപിക്കണം.

## വോയിസ് ഓഫ് ജനറൽ സെക്രട്ടറി

ഇന്ത്യയുടെ ഇറക്കുമതി ചുങ്കം 50 ശതമാനം ചുമത്തിക്കൊണ്ട് അമേരിക്കയുടെ നടപടി എം.എസ്.എം.ഇ. കൾ ഉൾപ്പെടെയുള്ള കയറ്റുമതിക്കാർ വൻ പ്രതിസന്ധിയെ നേരിടുകയാണ്. എം.എസ്.എം.ഇ. മേഖലയിലെ എല്ലാ വിഭാഗങ്ങൾക്കും ദോഷകരമായി ബാധിക്കുമെങ്കിലും ഫാർമസ്യൂട്ടിക്കൽ, എഞ്ചിനിയറിങ്, ടെക്സ്റ്റൈൽ, മത്സ്യമേഖല, കാർഷിക മേഖല, ഭക്ഷ്യമേഖല തുടങ്ങിയ മേഖലകൾ ആണ് ഏറ്റവും കൂടുതൽ സാമ്പത്തികമായി തകർന്നു പോകുന്നത്. നിലവിൽ യു.എസിലേക്ക് സാധാരണ അയച്ചുകൊണ്ടിരിക്കുന്ന ഉൽപ്പന്നങ്ങളുടെ കയറ്റുമതി ഓർഡർ റദ്ദാക്കുകയോ, തടഞ്ഞുവെച്ചിരിക്കുകയോ ചെയ്തിരിക്കുകയാണ്. ഇതുമൂലം കയറ്റുമതിക്കാരുടെ ഉൽപ്പന്നങ്ങൾ കെട്ടിക്കിടക്കാനും ഉൽപാദന പ്രക്രിയ നിർത്തിവയ്ക്കാനുമുള്ള ഒരു സ്ഥിതിവിശേഷം സംജാതമായിരിക്കുകയാണ്. ഇത് കയറ്റുമതി മേഖലയിൽ ഉണ്ടാകുന്ന സാമ്പത്തിക തകർച്ച എത്ര ഭീമമാണെന്ന് ഊഹിക്കാൻ പോലും സാധിക്കില്ല. ഇന്ത്യയിൽ നിന്നും ഏറ്റവും കൂടുതൽ ഉത്പന്നങ്ങൾ കയറ്റുമതി ചെയ്യുന്ന രാഷ്ട്രമാണ് യു.എസ്. കയറ്റുമതിയിലെ ഇടിവ് വരുമ്പോഴുണ്ടാകുന്ന സാമ്പത്തിക നഷ്ടവും, ഉൽപാദന മരവിപ്പിന്റെ കാഠിന്യവും നിസ്സാരമായി തള്ളിക്കളയാനാവില്ല. ഇന്ത്യയ്ക്ക് ഉണ്ടാകുന്ന വിദേശ നാണ്യത്തിന്റെ ഇടിവും നമ്മുടെ സമ്പത്ത്ഘടനയെ തന്നെ വഴിതെറ്റിക്കും. രാജ്യത്തിന്റെയും സംസ്ഥാനങ്ങളുടെയും സാമ്പത്തിക സ്രോതസ്സിനും കുറവുണ്ടാകും.

ഈ പ്രത്യാഘാതങ്ങൾ തരണം ചെയ്യാനും ഇവിടത്തെ കയറ്റുമതി മേഖലയെ നിലനിർത്താനും ദീർഘവീക്ഷണത്തോടുകൂടിയ നടപടികൾ കേന്ദ്രസർക്കാരിന്റെ ഭാഗത്തുനിന്നുണ്ടാകണം. ഇന്ത്യൻ ഉൽപ്പന്നങ്ങളുടെ കയറ്റുമതിയും യു.എസിനെ മാത്രം ആശ്രയിക്കാതെ മറ്റു രാഷ്ട്രങ്ങളിൽ കയറ്റുമതി സാധ്യതകൾ വർദ്ധിപ്പിക്കാനുള്ള നയതന്ത്ര ബന്ധങ്ങളിൽ കൂടിയുള്ള നടപടികൾ സ്വീകരിക്കണം. ഇപ്പോഴത്തെ കയറ്റുമതി മേഖലയിൽ ഉണ്ടായ ആഘാതം പരിഹരിക്കുന്നതിനും സംരക്ഷിക്കുന്നതിനും നിലവിലുള്ള കയറ്റുമതിക്കാരുടെ ബാങ്ക് വായ്പകൾക്ക് മോറോട്ടോറിയം പ്രഖ്യാപിക്കുക, പലിശ സബ്സിഡിയോടുകൂടി ബാങ്ക് വായ്പകൾ നൽകുക, കയറ്റുമതിക്കാരിൽ നിന്നും ഈടാക്കുന്ന ഡ്യൂട്ടിയും നികുതികളും ഒഴിവാക്കുക തുടങ്ങിയ ആനുകൂല്യങ്ങളോടുകൂടിയ ഒരു പാക്കേജ് പ്രഖ്യാപിച്ച് കയറ്റുമതി മേഖലയെ നിലനിർത്തി അതിലെ സംരംഭകരെയും പതിനായിരക്കണക്കിന് തൊഴിലാളികളെയും സംരക്ഷിക്കാനുള്ള നടപടി കേന്ദ്രസർക്കാരിന്റെ ഭാഗത്തു നിന്നും ഉണ്ടാകണം.

**ജോസഫ് പൈകട**
**ജനറൽ സെക്രട്ടറി**


India International
INDUSTRIAL EXPO
IIIE 2026
Accelerating Industry Growth
2026 JANUARY
16 17 18
ADLUX INTERNATIONAL CONVENTION CENTRE
KOCHI | KERALA | INDIA
Limited stalls are available
Organizer
KSSIA THE KERALA STATE SMALL INDUSTRIES ASSOCIATION
METRO mart
In Association with
MSME
DEPARTMENT OF INDUSTRIES & COMMERCE
KSIDC
K-bip
For more details:
+91-9947733339
+91-9995139933
info@iiie.in
www.iiie.in





ഡോ. (അഡ്വ.) കെ.എസ്. ഹരിഹരൻ
B.Com, LLB, MBA, LLM, Phd

# ജി.എസ്.ടി.യിലെ മാറ്റങ്ങൾ 22.09.2025 മുതൽ ഒറ്റനോട്ടത്തിൽ

**ജി.എസ്.ടി. കൗൺസിലിന്റെ 56-ാമത്തെ മീറ്റിങ്ങിൽ രണ്ട് തരത്തിലുള്ള മാറ്റങ്ങളാണ് നിർദ്ദേശിക്കപ്പെട്ടത് അതിൽ ഒന്നാമത്തേത് സാധനങ്ങളുടെയും സേവനങ്ങളുടെയും നികുതി നിരക്കിലെ മാറ്റങ്ങൾ. രണ്ടാമത്തേത് ജി.എസ്.ടി. നിയമം കൂടുതൽ സുതാര്യവും കാര്യക്ഷമവും ആക്കാനുള്ള നിർദ്ദേശങ്ങൾ. അതായത് ജി.എസ്.ടി. നിയമത്തിന്റെ നടപടിക്രമങ്ങൾ കൂടുതൽ ദ്രുതഗതിയിലാക്കാനും നികുതിദായക സൗഹൃദമാക്കാനുമൊക്കെയുള്ള നിർദ്ദേശങ്ങളും ഉണ്ട് എന്നർത്ഥം.**

ജി.എസ്.ടി.യിലുള്ള പൊതുജന വിശ്വാസവും സുതാര്യതയും 'ഈസ് ഓഫ് ഡൂയിങ് ബിസിനസ്' തുടങ്ങിയ കാര്യങ്ങൾ വർദ്ധിപ്പിക്കാനുള്ള സുപ്രധാന തീരുമാനങ്ങൾ ജി.എസ്.ടി. കൗൺസിൽ നിർദ്ദേശിച്ചിട്ടുണ്ട്.

നികുതിനിരക്കിലെ മാറ്റത്തിനായി ഉൾക്കൊള്ളിച്ചിട്ടുള്ള സാധനങ്ങളുടെയും സേവനങ്ങളുടെയും നികുതിനിരക്ക് മാറ്റങ്ങൾ 22.09.25 മുതൽ ബാധകമാക്കിയിട്ടുണ്ട്. കോമ്പൻസേഷൻ സെസ്സുമായി ബന്ധപ്പെട്ട സിഗരറ്റ്, പുകയില ഉൽപ്പന്നങ്ങൾ തുടങ്ങിയ നാലോ അഞ്ചോ സാധനങ്ങളുടെ നികുതിമാറ്റം പിന്നീട് അറിയിക്കും എന്നും പറയുന്നു.

ജി.എസ്.ടി. നിയമം നടപ്പാക്കിയിട്ട് എട്ടുവർഷം കഴിഞ്ഞിട്ടും ജി.എസ്.ടി. 'ട്രൈബ്യൂണലിൽ അപ്പീൽ ഫയൽ ചെയ്യാനുള്ള സൗകര്യങ്ങൾ ഇതുവരെ ആരംഭിച്ചിട്ടില്ല. ഈ കാര്യത്തിനു പരിഹാരമാകുന്നു. ഈ സെപ്റ്റംബർ മാസം തന്നെ അപ്പീൽ ഫയൽ ചെയ്യാനുള്ള ക്രമീകരണങ്ങൾ ചെയ്യാനും ജി.എസ്.ടി. അപ്പലേറ്റ് ട്രൈബ്യൂണലുകളിൽ ഈ ഡിസംബർ മാസത്തിൽത്തന്നെ ഹിയറിങ്ങുകൾ തുടങ്ങുവാനും നിലവിൽ ഫയൽ ചെയ്യാൻ ബാക്കി നിൽക്കുന്ന ജി.എസ്.ടി. ട്രൈബ്യൂണൽ അപ്പീലുകൾ ഫയൽ ചെയ്യാനുള്ള അവസാന തീയതിയായി 30.06.2026 എന്ന സമയപരിധി നിശ്ചയിക്കയും ചെയ്തിട്ടുണ്ട്. ഡൽഹിയിലുള്ള ജി.എസ്.ടി. യുടെ പ്രിൻസിപ്പൽ ട്രൈബ്യൂണൽ ബെഞ്ചിനെ 'അഡ്വാൻസ് റൂളിങ്ങിന്റെ നാഷണൽ അപ്പലേറ്റ് അതോറിറ്റിയായി മാറ്റാനുള്ള തീരുമാനവും എടുത്തിട്ടുണ്ട്.

ഇൻവർട്ടഡ് ഡ്യൂട്ടി സ്ട്രക്ച്ചർ അല്ലെങ്കിൽ (IDS) എന്ന ജി.എസ്.ടി. യുടെ ത്രൈമാസക സംവിധാനത്തിന്റെ നിലവിലുള്ള പ്രവർത്തനക്കുറവു മനസ്സിലാക്കി ചെറുകിട വ്യവസായികൾ അനുഭവിക്കുന്ന ജി.എസ്.ടി. റീഫണ്ട് ലഭിക്കാനുള്ള കാലതാമസത്തെ അതിജീവിക്കാൻ പാകത്തിന് 'റിസ്ക് ബേസ്ഡ് പ്രൊവിഷണൽ സാങ്ഷൻ ഓഫ് റീഫണ്ട് എറൈസിംഗ് ഔട്ട് ഓഫ് ഇൻവെർട്ടർ ഡ്യൂട്ടി സ്ട്രക്ചർ' എന്ന പേരുക്കൂടി ചേർത്താണ് ജി.എസ്.ടി.യുടെ റിഫണ്ട് വേഗത്തിലാക്കാൻ തീരുമാനമെടുത്തത്. സി.ജി.എസ്.ടി. നിയമത്തിലെ 54 ആം വകുപ്പിന്റെ ആറാം ഉപവകുപ്പ് പ്രകാരം നികുതി റീഫണ്ട് അപേക്ഷയിൽ പ്രതിപാദിച്ച തുകയുടെ തൊണ്ണൂറ് ശതമാനവും 'പ്രൊവിഷണൽ' ആയി അപേക്ഷ സമർപ്പിച്ചു കഴിഞ്ഞാൽ പെട്ടന്ന് തന്നെ നികുതിദായർക്ക് നൽകാനുള്ള തീരുമാനം ചെറുകിട വ്യവസായികളുടെ ദീർഘനാളത്തെ ആവശ്യമായിരുന്നു.

നികുതി അടച്ച് സാധനങ്ങൾ കയറ്റുമതി ചെയ്യുന്നവരെ സംബന്ധിച്ചുള്ള റീഫണ്ട് പെട്ടെന്ന് കിട്ടാൻ വേണ്ടുന്ന നിയമഭേദഗതിക്ക് നിർദ്ദേശമുണ്ട്. ഒരുമാസം രണ്ടര ലക്ഷം രൂപയിൽ കൂടുതലല്ലാത്ത ഔട്ട്പുട്ട് ടാക്സ് അടക്കാൻ ബാധ്യതയുള്ള ബിസിനസുകാർക്കുവരെ രെജിസ്ട്രേഷൻ അപേക്ഷ നൽകി മൂന്ന് പ്രവൃത്തി ദിനങ്ങൾക്കുള്ളിൽ ജി.എസ്.ടി. രജിസ്ട്രേഷൻ ലഭ്യമാക്കുന്ന നിർദ്ദേശം ജി.എസ്.ടി. കൗൺസിൽ നൽകിയിട്ടു

ണ്ട്. ഈ കോമേഴ്സ് മേഖല വളരെയേറെ വിപുലമായിക്കൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ ഈ കോമേഴ്സ് മേഖലയിലുള്ള ചെറുകിട നികുതി ദായകർക്ക് പെട്ടെന്ന് തന്നെ ജി.എസ്.ടി. രജിസ്ട്രേഷൻ ലഭ്യമാക്കാവുന്ന പദ്ധതിയും നിർദ്ദേശിച്ചിടുന്നു.

ഇന്ത്യയിൽ നിന്ന് പലരും സേവന മേഖലയിൽ എക്സ്പോർട്ട് ചെയ്യുമ്പോഴോ കയറ്റുമതിക്കായി സൗകര്യങ്ങൾ ചെയ്തു കൊടുക്കുമ്പോഴോ 'ഇന്റർമീഡിയറി സർവീസ് പ്രൊവൈഡർ' ആയിപ്പോകുകയും ജി.എസ്.ടി. അടക്കേണ്ട ബാധ്യത വരുകയും ചെയ്യുമായിരുന്ന 'ജി.എസ്.ടി. നിയമത്തിലെ പ്ലേസ് ഓഫ് സപ്ലൈ' യിൽ മാറ്റം വരുത്തി ശരിയായ എക്സ്പോർട്ട് - സർവീസ് പ്രൊവൈഡർക്കു നികുതി ബാധ്യത വരാതിരിക്കാൻ പാകത്തിലുള്ള നടപടികളും നിർദ്ദേശിച്ചിട്ടുണ്ട്. തീർച്ചയായും അത്തരം കാര്യങ്ങൾ എക്സ്പോർട്ട് അനുബന്ധ മേഖലയെ ഉഷാറാക്കും.

പോസ്റ്റ് സെയിൽ ഡിസ്കൗണ്ടുമായി ബന്ധപ്പെട്ട പ്രധാന പ്രശ്നങ്ങൾ ജി.എസ്.ടി. തുടങ്ങിയ 2017 മുതൽ ഇപ്പോഴും നിലനിൽക്കുന്നുണ്ട്. ഉദാഹരണത്തിന് ഒരു സിമന്റ്നിർമ്മാണ കമ്പനി കേരളത്തിലെ ഒരു നികുതി ദായകനായ സിമന്റ് വിൽപ്പനക്കാരന് ഒരു ലക്ഷം രൂപയുടെ സിമന്റ് ഇരുപതിയെട്ടു ശതമാനം ജി.എസ്.ടി. യായ 28,000 രൂപ കൂടി ചേർത്ത് ഇൻവോയ്സ് സപ്ലൈ ചെയ്യുന്നു. മൂന്നു മാസം കഴിഞ്ഞ് ആ സിമന്റ്നിർമ്മാണ കമ്പനി കേരളത്തിലുള്ള സിമന്റ് വ്യാപാരിക്ക് കച്ചവടം നടന്നതിന്റെ അടിസ്ഥാനത്തിൽ 2000 രൂപ 'പോസ്റ്റ് സെയിൽ ഡിസ്കൗണ്ട്' (വിൽപ്പനാന്തര ഡിസ്കൗണ്ട്) ആയി സിമന്റ്നിർമ്മാണ കമ്പനി നൽകിയെന്നു കരുതുക. അത് ഒരു ക്രെഡിറ്റ് നോട്ട് ആയി ജി.എസ്.ടി. കൂടി കാണിച്ച് സിമന്റ്നിർമ്മാണ കമ്പനി ജി.എസ്.ടി. പ്രതിമാസ റിട്ടേണിൽ കാണിച്ചാൽ സിമന്റ് വാങ്ങിയ അഥവാ 'പോസ്റ്റ് സെയിൽ ഡിസ്കൗണ്ട്' കിട്ടിയ കേരളത്തിലെ സിമന്റ് വ്യാപാരിക്ക് ക്രെഡിറ്റ് നോട്ടിൽ സിമന്റ്നിർമ്മാണ കമ്പനി അപ്ലോഡ് ചെയ്ത ജി.എസ്.ടി. തുക പലിശ സഹിതം തിരിച്ചടയ്ക്കേണ്ട അവസ്ഥ ഉണ്ട്. ഇത്തരം പ്രശ്നങ്ങൾക്ക് ജി.എസ്.ടി. യുടെ 212/6/2024 എന്ന സർക്കുലർ പോലും പൂർണ്ണ പരിഹാരം ആകുന്നില്ല എന്ന് ജി.എസ്.ടി. ഡിപ്പാർട്ട്മെന്റ് മനസ്സിലാക്കി അത് പിൻവലിക്കാനും ശാശ്വത പരിഹാരത്തിനായി പുതിയ ഭേദഗതികൾ കൂടി സമഗ്രമായ നിർദ്ദേശിച്ചിട്ടുണ്ട്.

ജി.എസ്.ടി. യുടെ നിരക്കിൽ വരുന്ന മാറ്റങ്ങൾ പൊതുവേ 22.09.2025 മുതൽ പ്രാബല്യത്തിൽ വരും. എന്നാൽ സിഗരറ്റ് chewing, ടുബാക്കോ അൺമാന്യുഫാക്ചേഴ്സ് എന്നിവക്കു കോമ്പൻസേഷൻ സെസ് കൂടി ഉള്ളതിനാൽ ആ കോമ്പൻസേഷൻ സെസ് തുടരാൻ തീരുമാനിച്ചിരിക്കുന്നതിനാൽ അത്തരം സാധങ്ങളുടെ നികുതി മാറ്റം എന്നാണെന്ന് പിന്നീട് അറിയിക്കും.

ജി.എസ്.ടി. യുടെ രജിസ്ട്രേഷൻ പരിധിയിൽ മാറ്റം വരുമെന്ന് പ്രതീക്ഷിച്ചെങ്കിലും അത്തരം ഒരു മാറ്റവും വന്നിട്ടില്ല സേവനങ്ങൾക്ക് പ്രതിവർഷം 20 ലക്ഷം രൂപ ടേൺഓവർ (വരവുണ്ടെങ്കിൽ) ഉണ്ടെങ്കിൽ രജിസ്ട്രേഷൻ എടുക്കണം ചരക്കുകളുടെ കൈമാറ്റത്തിൽ പ്രതിവർഷം 40 ലക്ഷം രൂപ വരവുണ്ടെങ്കിൽ (turnover) ജി.എസ്.ടി. റെജിസ്ട്രേഷൻ എടുക്കണം.

നികുതി റേറ്റിലെ വ്യത്യാസങ്ങൾ ജി.എസ്.ടി. നിയമത്തിൽ എഴുപതിഒന്ന് ഉണ്ട്. അതിന് ശക്തമായവ വരുന്നത് അനുസരിച്ച് എന്താകും ജി.എസ്.ടി.യുടെ 22.09.2025 മുതലുള്ള മാറ്റങ്ങൾ എന്നത് എല്ലാ ബിസിനസുകാർക്കും ആകാംഷയുളവാക്കുന്നതാണ്.

ഈ വിഷയത്തിൽ പൊതുവേ കണക്കാക്കാവുന്ന ചില മാനദണ്ഡങ്ങൾ ഇവയാണ്.

പേയ്മെന്റ് കിട്ടുന്നതും, സപ്ലൈ ചെയ്യുന്നതും 21.09.2025 നു മുൻപാണെങ്കിൽ തീർച്ചയായും പഴയ നികുതി നിരക്കു തന്നെയാകും ബാധകമാകുന്നത്. ആ കാര്യത്തിൽ സി.ജി.എസ്.ടി. യുടെ 14 (a)(1) എന്ന വകുപ്പനുസരിച്ച് 'ടൈം ഓഫ് സപ്ലൈ' അതായത് സപ്ലൈയുടെ സമയം എന്ന പ്രത്യേക രീതി കണക്കാക്കേണ്ടത് ഇൻവോയ്സ് എഴുതിയത് 21.09.25 ആണെങ്കിൽ പോലും അതിന്റെ തുക കിട്ടിയിട്ടുള്ളത് ഇരുപത്തിരണ്ടാം തീയതിക്ക് ശേഷമാണ് എങ്കിലും സപ്ലൈ പൂർത്തീകരിക്കുന്നത് 22.09.25 നു ശേഷമാണെങ്കിൽ പുതിയ മാറ്റം വന്ന റേറ്റ് തന്നെ നികുതി ബാധ്യതക്കായി കണക്കാക്കി എന്നുവരാം. ജി.എസ്.ടി. യുടെ ഡിപ്പാർട്ട്മെന്റൽ ഓഡിറ്റ് എങ്ങനെ നടന്നാൽ ഇത്തരം കാര്യങ്ങളിൽ ബാധ്യത വന്നേക്കാം.

അതായത് ഇൻവോയ്സ് കൊടുക്കുന്നത് 21.9.25 -ലും സാധനങ്ങൾ കൈമാറുന്നത് യഥാർത്ഥത്തിൽ 30.5.25 -ലും ആണ് എന്ന് വിചാരിക്കുക. അപ്പോൾ തീർച്ചയായിട്ടും മാറ്റം വന്ന തീയതിലെ നികുതിനിരക്ക് തന്നെയായിരിക്കും ആ ഇടപാടിന്റെ നികുതിനിരക്ക് ആകുന്നത്. ഒരുപക്ഷേ സാധനങ്ങൾ കൈമാറുന്നത് 19. 9.2025 -ലും ഇൻവോയ്സ് കൊടുക്കുന്നത് 19. 9.2025 ലും ആണെന്ന് വിചാരിക്കുക. ആ ഇൻവോയ്സ് തുക വരവുവെക്കുന്നത് 21.9.25 ആണെങ്കിൽ അവിടെയും പഴയ റേറ്റ് ആണ് ബാധകമാകുന്നത്. സപ്ലൈയുടെ തുക കിട്ടുന്നത് 22.9. 2025 ന് മുൻപാണ് എങ്കിൽ ഒരുത്തരത്തിലുള്ള പ്രശ്നവും ഇല്ല. ടൈം ഓഫ് സപ്ലൈയുടെ പ്രാധാന്യം റേറ്റ് ഓഫ് ടാക്സിനെ നിശ്ചയിക്കുന്നു. ടൈം ഓഫ് സപ്ലൈയിൽ വ്യത്യാസം വരുമ്പോൾ എങ്ങനെയാണ് നികുതി നിരക്കു എടുക്കേണ്ടതെന്ന് സി.ജി.എസ്.ടി. നിയമത്തിൽ പറഞ്ഞിട്ടുണ്ട്. അതനുസരിച്ച് റേറ്റ് ഓഫ് ടാക്സിൽ മാറ്റം വരുമ്പോൾ പൊതുവേ പേയ്മെന്റ് കിട്ടുന്ന തീയതി വളരെ പ്രാധാന്യമുള്ളതാണ്. അതുകൊണ്ട് എല്ലാവ

രും പഴയ റേറ്റ് ഓഫ് ടാക്സ് ആണ് എടുക്കാൻ ഉദ്ദേശിക്കുന്നതെങ്കിൽ ആ 'കട്ട് ഓഫ് ഡേറ്റിനു' മുമ്പ് പെയ്മെന്റ് കണക്കു പുസ്തകത്തിൽ നിയമത്തിന്റെ പരിധിയിൽ നിന്ന് വരവ് വയ്ക്കുന്നതാണ് ഉത്തമം. ഇൻവോയ്സ് കൊടുക്കുന്നത് 21.9.25-ൽ. അഡ്വാൻസ് പൂർണമായി 15.9.2025-ൽ കിട്ടി എന്ന് വിചാരിക്കുക. തന്റെ അക്കൗണ്ടിൽ എൻട്രി എന്നാണ് രേഖപ്പെടുത്തിയത് എന്നത് അവരെ സംബന്ധിച്ചിടത്തോളം സാങ്കേതികമായ ചില പ്രശ്നങ്ങൾ ഉണ്ടാകാതിരിക്കാൻ ജാഗ്രതയുണ്ടാവുക. അവരും 21.9.2025 -നു മുമ്പ് ഇൻവോയ്സ് കൊടുത്ത് സപ്ലൈ കമ്പ്ലീറ്റ് ആക്കണം. 22.9.2025 നു മുൻപ് സാധനങ്ങൾ പഴയ റേറ്റിൽ ഇരുപതിയെട്ടു ശതമാനത്തിന് വാങ്ങിയവർ കച്ചവടം ചെയ്യുമ്പോൾ എന്താണ് സംഭവിക്കുക. ജി.എസ്.ടി. നിയമത്തിന്റെ നാൽപ്പതൊമ്പതാം വകുപ്പിന് വിധേയമായി പഴയ റേറ്റ് ഓഫ് ടാക്സിൽ ഉള്ള ഇൻപുട്ട് ടാക്സ് പൂർണമായും ക്രെഡിറ്റായി എടുക്കാൻ കഴിയും. ചുരുക്കത്തിൽ കട്ട് ഓഫ് ഡേറ്റ് ആയ 21.9.25 നു മുമ്പ് തന്നെ അതായത് 'റേറ്റ് ഓഫ് ടാക്സ്' മാറ്റത്തിന്റെ തലേ ദിവസമെങ്കിലും പെയ്മെന്റ് കൊടുത്തതിന്റെ അതായത് സ്വീകർത്താവ് സപ്ലൈയുടെ കയ്യിൽ നിന്നും പെയ്മെന്റ് കൊടുത്തതിന്റെ രെസീത് വാങ്ങുക, അത് അക്കൗണ്ടും ചെയ്യുക. 21.9.2025 -ൽ കൊടുത്ത പേയ്മെന്റിനെ സംബന്ധിച്ചിടത്തോളം അതിന് ഇൻപുട്ട് എടുക്കാൻ നിയമ തടസ്സങ്ങൾ ഇല്ല. പഴയ നികുതിനിരക്ക് തന്നെ. പുതിയ നികുതിനിരക്ക് ഇരുപതിയെട്ടു ശതമാനത്തിനു പകരം പതിനെട്ടു ശതമാനമായി എന്ന് വിചാരിക്കുക. അവർക്കും 21 ആം തീയതി നിലവിലുണ്ടായിരുന്ന 28 ശതമാനം ഇൻപുട്ടായി എടുക്കാം. സിമന്റ് മേഖലയിൽ ഉള്ളവർക്ക് ഇത് വളരെ ഗുണകരമായ ഒരു കാര്യമാണ്. കൊടുത്തത് 22.9.25 -ന് മുൻപാണെങ്കിൽ കൂടുതൽ സുരക്ഷിതമായി സപ്ലൈയുടെ കയ്യിൽ നിന്നും രസീത് വാങ്ങി കണക്കിൽ കൃത്യമായി അത് രേഖപ്പെടുത്തുക. അങ്ങനെയാണെങ്കിൽ വാങ്ങിയ ആൾക്ക് ഇൻപുട്ട് നികുതി കിട്ടാൻ ബുദ്ധിമുട്ടില്ല. എന്നിരുന്നാലും ആ സാധനത്തിന്റെ 22.9.25 -മുതൽ ഇരിക്കുന്ന സ്റ്റോക്കിന്റെ പ്രൊപ്പോഷനേറ്റ് ആയി വാങ്ങിയ സാധനങ്ങളുടെ ഇൻപുട്ട് എടുത്തത് തിരിച്ചടയ്ക്കണം. 22.9.2025 നു ശേഷം നികുതി ഒഴിവാക്കിയ സാധനങ്ങളിൽ ഇൻപുട്ട് എടുത്തിട്ടുണ്ട് എന്നുണ്ടായാൽ അതേ സാധനങ്ങളുടെ സ്റ്റോക്കിന്റെ ഇൻപുട്ട് തിരിച്ചടയ്ക്കേണ്ടി വരും. ഇതുസംബന്ധമായ നോട്ടിഫിക്കേഷൻ ഇറങ്ങുമ്പോഴേ കൃത്യമായ കാര്യങ്ങൾ വിവരിക്കാൻ സാധിക്കുകയുള്ളൂ. അതുകൊണ്ട് വിലകുറച്ചാണെങ്കിൽ പോലും അത്തരം സാധനങ്ങൾ 21.9.2025 നു മുമ്പേ വില്പന നടത്തി തീർക്കുന്നതാകുകയല്ലേ നല്ലത്. ഇത് പ്രായോഗികമായി ചൂണ്ടിക്കാണിക്കുന്ന ഒരു നിർദേശം മാത്രം.

മരുന്നുകളെ സംബന്ധിച്ചിടത്തോളം വന്ന മാറ്റം എന്താണ്. പൊതുവേ മരുന്നുകൾക്ക് അഞ്ച് ശതമാനം നികുതി ചുമത്തിയിട്ടുണ്ട് ഒപ്പം തന്നെ നികുതി ഒഴിവാക്കിയ വളരെയേറെ മരുന്നുകളുമുണ്ട്.

ആരോഗ്യ ഇൻഷുറൻസ് മേഖലയിലെ ജി.എസ്.ടി. ഒഴിവാക്കൽ ഇൻഷുറൻസ് പ്രീമിയം കുറക്കുന്നത് വളരെയേറെ നല്ലതാണ്.

## എന്താണ് ഇൻവെർട്ടഡ് ഡ്യൂട്ടി സ്ട്രക്ച്ചറിന്റെ പ്രാധാന്യം?

ഒരു പ്രോഡക്റ്റിന്റെ ടാക്സ് പൂർണ്ണമായും നികുതിയിൽ നിന്നും ഒഴിവാക്കിയാൽ ആ ഉൽപ്പന്നം നിർമ്മിച്ച നിർമ്മാതാവ് വാങ്ങുന്ന റോ മെറ്റീരിയലിന് ഇൻപുട്ട് എടുക്കാൻ പറ്റില്ല. ആ നിയമവ്യവസ്ഥ അനുസരിച്ച് ഔട്ട് വേർഡ് നികുതി ബാധ്യതയുള്ള നിർമാതാവിനു മാത്രമേ ഇൻവേർഡ് സപ്ലൈയിൽ കൊടുത്ത ഔട്ട് വേർഡ് സപ്ലൈയേക്കാൾ കൂടിയ ഇൻപുട്ട് വ്യത്യാസം ഇൻവെർട്ടഡ് ഡ്യൂട്ടി സ്ട്രക്ചർ (IDS)ആയി അധികനികുതി റീഫണ്ട് നിർമാതാവിന് ലഭിക്കുകയുള്ളൂ. ഉദാഹരണത്തിന് ഒരു നികുതിദായകന്റെ പർച്ചേസ് ഉൾപ്പെടെയുള്ള ഇൻവേർഡ് സപ്ലൈ ഒരു മാസം പത്തു ലക്ഷം രൂപയും നികുതി ആയി ഒരു ലക്ഷത്തി എൺപതിനായിരം രൂപയും ആണെന്ന് വിചാരിക്കുക. അത് വിൽപ്പന നടത്തുമ്പോൾ പതിനഞ്ചു ലക്ഷം രൂപയുടെ വിൽപ്പനയാണെന്ന് കരുതുക. വിൽപ്പനയുടെ തുകയായ പതിനഞ്ചു ലക്ഷം രൂപയുടെ





നികുതി നിരക്കു അഞ്ച് ശതമാനം ആണ് എന്ന് വിചാരിക്കുക. അതായത് എഴുപത്തയ്യായിരം രൂപയാണ് അദ്ദേഹത്തിന് വിൽപ്പനയുടെ നികുതി ബാധ്യത വരുന്നത്. അദ്ദേഹം ഇൻപുട്ട് ആയി എടുത്തതോ ഒരു ലക്ഷത്തി എൺപതിനായിരം. അങ്ങനെ വരുന്ന സമയത്ത് നികുതി ബാധ്യതയായി വരുന്ന എഴുപത്തയ്യായിരം രൂപ കിഴിച്ചുവരുന്ന ഒരു ലക്ഷത്തി അയ്യായിരം രൂപയോളം അദ്ദേഹത്തിന് ഇൻവർട്ടഡ് ഡ്യൂട്ടി സ്ട്രക്ചർ ആയി റീഫണ്ട് കിട്ടും. അതുകൊണ്ടു തന്നെ റേറ്റ് ഓഫ് ടാക്സ് കൂടിയാലും കുറഞ്ഞാലും അദ്ദേഹത്തിന്റെ പ്രൊഡക്ട് കോസ്റ്റിനെ കാര്യമായി ബാധിക്കണമെന്നില്ല.

കുറയുന്ന നികുതി നിരക്ക് കസ്റ്റമർക്കു കിട്ടിയിരിക്കണം. വിലകുറച്ചേ പറ്റൂ. നികുതിനിരക്ക് കുറയുമ്പോൾ ആ കുറഞ്ഞ നികുതി നിരക്ക് കസ്റ്റമർക്ക് 'പാസ്ഓൺ' ചെയ്യണമെന്ന് ഒരു നിയമവും കൂടിയുണ്ട്. അല്ലെങ്കിൽ അങ്ങനെ കൈമാറാത്ത നികുതി വ്യത്യാസം ഈടാക്കാൻ ശക്തമായ ജുഡീഷ്യൽ ഫോറം തന്നെ ജി.എസ്.ടി. യിലുണ്ട്. 'ആന്റി പ്രോഫിക്ടറി പ്രൊവിഷൻസ്' നടപടികളുമായിട്ട് പ്രസ്തുത ഫോറത്തെ ആർക്കും സമീപിക്കാവുന്നതുമാണ്.

വാഹനങ്ങൾ ഉൾപ്പെടെയുള്ള പല നിർമ്മാണ കമ്പനികളും നികുതി നിരക്കിന്റെ കുറവിനനുസരിച്ചു ലഭ്യമായ തുകയുടെ വിലക്കുറവിന്റെ ഓഫറുകൾ പ്രഖ്യാപിക്കുന്നതൊക്കെ ഇപ്പോഴത്തെ നികുതിമാറ്റം കൊണ്ടാണ്. റേറ്റ് ഓഫ് ടാക്സിന്റെ മാറ്റങ്ങൾ അനുസരിച്ച് ആ തുക കസ്റ്റമർക്ക് കൈമാറണം എന്നത് ജി.എസ്.ടി. യിലെ പ്രധാന വ്യവസ്ഥയാണ്. വാഹനങ്ങളിൽ വന്ന റേറ്റ് ഓഫ് ടാക്സിന്റെ മാറ്റം മാർക്കറ്റിൽ പ്രകടമാണ്. ചെറിയ കാറുകളുടെ റേറ്റ് ഓഫ് ടാക്സ് 28 ശതമാനത്തിൽ നിന്നും 18% ആയി കുറഞ്ഞു നേരത്തെ കോമ്പൻസേഷൻ സെസുമുൾപ്പടെ 50 ശതമാനമായിരുന്നു. അതായത് ജി.എസ്.ടി. 28 ശതമാനവും കോമ്പൻസേഷൻ 22% വരെയൊക്കെ വരുമായിരുന്നു. അങ്ങനെ മൊത്തം 50% ത്തോളം നികുതി ഉണ്ടായിരുന്നത് ഇപ്പോൾ 40% ആയി മാറിയിട്ടുണ്ട്. 10 പേരിൽ കൂടുതലുള്ള ട്രാൻസ്പോർട്ട് വെഹിക്കിളുകളെ സംബന്ധിച്ചിടത്തോളം 28 ശതമാനത്തിൽ നിന്നും 18% ആക്കി കുറച്ചു. ആംബുലൻസിനെയും 28 ശതമാനത്തിൽ നിന്നും 18 ശതമാനം ആക്കി കുറച്ചു. ട്രാൻസ്പോർട്ട് വാഹനങ്ങളിൽ മിക്കവയെയും 28 ശതമാനത്തിൽ നിന്നും 18% ആക്കി കുറച്ചു. മോട്ടോർസൈക്കിളുകളെ സംബന്ധിച്ചിടത്തോളം 350 സിസി വരെ ഉള്ളവയെ 18% ആക്കി കുറയ്ക്കുകയും അതിൽ കൂടുതലുള്ളവയെ 40% പെടുത്തുകയും ചെയ്തു.

കൃഷി മേഖലയെ പ്രോത്സാഹിപ്പിക്കാനായി ഒരുപാട് ഇളവുകൾ ജി.എസ്.ടി.യിൽ വരുത്തിയിട്ടുണ്ട്. ടോയ്‌ലറ്റ് സോപ്പുകളുടെ നികുതി 5% ആക്കി കുറച്ചു. മിഡിൽ ക്ലാസ്സ് ജനങ്ങളുടെയും പാവപ്പെട്ട ജനങ്ങളുടെയും ത്രൈമാസമുള്ള ചിലവുകൾ കുറയ്ക്കാൻ തന്നെയാണ് എന്ന് എടുത്തു പറഞ്ഞുകൊണ്ടാണ് ദൈനദിന കൺസ്യൂമേഴ്സ് സാധനങ്ങളുടെ നികുതി നിരക്കുകൾ കുറച്ചിട്ടുള്ളത്. പൗഡറിനും ഷാംപൂവിനും കൂടി റേറ്റ് ഓഫ് ടാക്സ് കുറച്ചു. ഫേസ് ക്രീമിന്റെയും, ഫെയ്സ് പൗഡറിന്റെയും റേറ്റ് ഓഫ് ടാക്സ് കുറച്ചിട്ടുണ്ട്. ടൂത്ത് പേസ്റ്റ് ടൂത്ത് ബ്രഷ്, ദന്തപരിചരണത്തിന്റെ പ്രധാനപ്പെട്ട വസ്തുക്കൾ, മൗത്ത് വാഷിന്റെ റേറ്റ് ഓഫ് ടാക്സ് കുറച്ചിട്ടുണ്ട്. റിന്യൂവബിൾ എനർജി ഉപകരണങ്ങളുടെ റേറ്റ് ഓഫ് ടാക്സ് അഞ്ചു ശതമനമാക്കി കുറച്ചിട്ടുണ്ട്. മാർബിളിന്റെയും ഗ്രാനൈറ്റ് ഇന്ത്യയും നികുതി 5% ആക്കിയിട്ടുണ്ട്. കണ്ണടകളുടെ നികുതി 5% ആക്കിയിട്ടുണ്ട്. ചില ബാറ്ററികൾ 28 ശതമാനം വരെ നികുതി ഉണ്ടായിരുന്നത് ഇപ്പോൾ എല്ലാ ബാറ്ററികളും 18% എന്ന നിലയിലേക്ക് ആയി. 28% വരെയൊക്കെ നികുതി ഉണ്ടായിരുന്ന വലിയ ടിവി മോണിറ്ററുകൾ 18% ത്തിൽ ആക്കിയിട്ടുണ്ട്. കൂടാതെ എയർ കണ്ടീഷണറുകളുടെ നികുതി 18% ആക്കി കുറച്ചിട്ടുണ്ട്.

ജോബ് വർക്ക് ചെയ്യിക്കുക എന്നത് എം.എസ്.എം.ഇ. സെക്ടറിലും മറ്റു ധാരാളം മേഖലകളിലും നിലനിൽക്കുന്നതാണ്. അവിടെ നോട്ടിഫൈ ചെയ്യാത്ത വസ്തുക്കളുടെ ജോബ് വർക്കുകൾക്ക് നിലവിൽ 12 ശതമാനം നികുതി ആയിരുന്നു. അത് 18% ആക്കി ഉയർത്തിയിട്ടുണ്ട്. ഇൻവേർട്ടഡ് ഡ്യൂട്ടി സ്ട്രക്ച്ചറിന്റെ ആനുകൂല്യം ലഭ്യമാകും എങ്കിൽപോലും സർക്കാരിൽ നിന്നും റീഫണ്ട് കിട്ടാനുള്ള കാലതാമസം നിലനിൽക്കുന്ന ഒരു സാഹചര്യത്തിൽ ജോബ് വർക്കിന് നികുതി നിരക്കു കൂട്ടുന്നത് (MSME) എം.എസ്.എം.ഇ. മേഖലയിൽ അസംതൃപ്തി ഉണ്ടാക്കിയിട്ടുണ്ട്.

ഹോട്ടലുകളിലെ വാടക പ്രതിദിനം യൂണിറ്റിന് 7500 രൂപ വരെ അഞ്ചു ശതമാനവും അതിനു മുകളിൽ 18 ശതമാനവും ആണ് പുതുതായി വരുത്തിയിരിക്കുന്നത്. ഹെൽത്ത് ക്ലബ്ബ്, സലൂൺ, ഫിറ്റ്നസ് സെന്റേഴ്സ്, യോഗ, ബ്യൂട്ടി ആന്റ് ഫിസിക്കൽ വെൽബിയിങ് സർവീസുകളെ 5% ത്തിൽ ആക്കുകയും 18% എന്നുള്ളത് മാറ്റുകയും ചെയ്തിട്ടുണ്ട്. ലോട്ടറി ടിക്കറ്റ് 40 ശതമാനത്തിൽ കൊണ്ടു വന്നിരിക്കുകയാണ്.

നോട്ടിഫിക്കേഷൻ പുറപ്പെടുവിക്കുമ്പോഴേ കൃത്യമായ വിവരങ്ങൾ ലഭ്യമാകുകയുള്ളൂ. എങ്കിലും ഇതുവരെയും ജി.എസ്.ടി. കൗൺസിൽ മീറ്റിങ്ങിൽ പൊതുജങ്ങൾക്ക് നേരിട്ട് തന്നെ ഗുണം കിട്ടുന്ന നിർദ്ദേശങ്ങൾ തന്നെയാണ് ഇപ്പോഴുണ്ടായിരിക്കുന്നത് എന്ന് തന്നെ പറയേണ്ടിവരും.■

**അസോസിയേഷന്റെ ജി.എസ്.റ്റി. & സെൻട്രൽ എക്സൈസ് കമ്മിറ്റി ചെയർമാൻ ആണ് ലേഖകൻ**
**✆ 98462 27555, 79024 43188, 79070 00401**




# നിങ്ങളുടേത് ശരിയായ ഇൻഷുറൻസ് പോളിസിയാണോ?



വിശ്വനാഥൻ ഒടാട്ട്

നമുക്കെല്ലാംതന്നെ പലതരം ഇൻഷുറൻസ് പോളിസികൾ ആവശ്യമാണ്. മാത്രമല്ല നമ്മളിൽ പലരും പലതരം പോളിസികളുംഎടുത്തിട്ടുണ്ട്. ഇത്തരം പോളിസികൾ നിങ്ങളുടെ ആവശ്യങ്ങൾ നിറവേറുന്ന ഒന്നല്ലെങ്കിൽ അത്യാഹിതങ്ങൾ സംഭവിക്കുമ്പോൾ ശരിയായ നഷ്ടപരിഹാരം ലഭിക്കുകയില്ല. അതിനാൽ ശരിയായ പോളിസികൾ എങ്ങനെ കണ്ടെത്താം, നിലവിലുള്ള പോളിസികളിലെ അപാകതകൾ എന്തെല്ലാം എന്ന് പഠിച്ച ശേഷം മാത്രമെ ഇത് സാധ്യമാകൂ. ഈ പ്രക്രിയയെ പറയുന്ന പേരാണ് 'പോളിസി ഗ്യാപ് അനാലിസിസ്'.

നിങ്ങൾ ഒരു വ്യവസായിയാണല്ലൊ. സ്വാഭാവികമായും ഭൂരിഭാഗം പേരും ധനകാര്യസ്ഥാപനത്തിൽ നിന്നും വായ്പ എടുത്തവരായിരിക്കും. പലപ്പോഴും ബാങ്കുകൾതന്നെ നിങ്ങൾക്കായി പോളിസികൾ എടുത്തിട്ടുണ്ടാവും. ഇത്തരം പോളിസികളിൽ ഇൻഷുർ ചെയ്തതുക, കവർചെയ്തിട്ടുള്ള റിസ്കുകൾ, കവർ ചെയ്യാതെ ഒഴിവാക്കിയ റിസ്കുകൾ, അടക്കുന്ന പ്രീമിയം, മറ്റു നിബന്ധനകൾ മുതലായവ നിങ്ങൾ ആരെങ്കിലും എന്താണെന്ന് മനസ്സിലാക്കിയിട്ടുണ്ടോ? പക്ഷെ ഒരു ക്ലെയിം വരുന്ന സമയത്ത് പലരും പോളിസി പരിശോധിക്കുമ്പോഴാണ് 'ശരിയായ രീതിയിൽ' ഇൻഷുർ ചെയ്യാതെ പോയ വിവരം അറിയുന്നത്. തന്മൂലം നാമമാത്രമായ തുക മാത്രമെ ക്ലെയിം ചെയ്യാൻ സാധിക്കുകയുള്ളൂ. നിങ്ങളുടെ സ്ഥാപനത്തിന്റെ നിലനിൽപ് എന്നെന്നും ആഗ്രഹിക്കുന്ന പക്ഷം നിങ്ങൾ ഇൻഷുർ ചെയ്യുന്ന വസ്തുവകകളെല്ലാം തന്നെ ശരിയായ രീതിയിലാണെന്ന് ഉറപ്പ് വരുത്തുന്നത് നന്നായിരിക്കും.

ഒരു വ്യവസായ സ്ഥാപനത്തിന് പലവിധ റിസ്കുകളും, പലവിധ പോളിസികളും ആവശ്യമാണ്. അത് ഏതെന്നും, എത്രത്തോളം തുകക്ക് ഇൻഷുർ ചെയ്യണമെന്നും അറിഞ്ഞിരിക്കണം. ഉദാഹരണത്തിന് ബിൽഡിങ്ങ്, മെഷീനറി തുടങ്ങിയ സാധാനങ്ങൾക്ക് നഷ്ടം സംഭവിച്ചാൽ പുനർ നിർമ്മാണത്തിനും, പുതുതായി മെഷീനറി വാങ്ങാനുള്ള ചിലവിനും ഇൻഷുർ ചെയ്തിരിക്കണം. അതല്ലാതെ തേയ്മാനം കഴിവുള്ള തുകക്കോ, ബാങ്കുകളിൽ നിന്നും വായ്പ എടുക്കുന്ന തുകക്കോ ഇൻഷുർ ചെയ്യുമ്പോഴാണ് ഒരു ക്ലെയിം ഉണ്ടാകുമ്പോൾ നഷ്ടപരിഹാരം കുറഞ്ഞു പോകുന്നത്. ഇത് പരിഹരിക്കാനായി കേരളത്തിലെ വ്യവസായി മെമ്പർ മാർക്ക് എയിംസ് ഇൻഷുറൻസ് ബ്രോക്കിംഗ് കമ്പനി സൗജന്യമായും നിങ്ങളുടെ നിലവിലുള്ള പോളിസികൾ പരിശോധിച്ച് പോളിസി ഗ്യാപ് അനാലിസിസ് ചെയ്തു തരുന്നതാണ്. വിശദ വിവരങ്ങൾക്കായി താഴെ കാണുന്ന നമ്പറിൽ ബന്ധപ്പെടേണ്ടതാണ്.

## ഒരു വ്യവസായ സ്ഥാപനത്തിന് വേണ്ട പോളിസികൾ, കവർചെയ്യുന്ന റിസ്കുകൾ

| | |
|---|---|
| ഫയർ ഇൻഷുറൻസ് | തീപിടുത്തം, ഇടിമിന്നൽ, ഷോർട്ട്സർക്യൂട്ട്, പ്രകൃതിദുരന്തങ്ങൾ, അടിച്ചു തകർക്കൽ മുതലായ പതിനഞ്ചോളം റിസ്കുകൾ കവർ ചെയ്യുന്ന പോളിസി. |
| ബർഗ്ലറി പോളിസി | സാധന സാമഗ്രികൾ, വസ്തുവകകൾ കളവ് പോവാനിടയായാലുള്ള നഷ്ടപരിഹാരം. |
| ക്യാഷ് ഇൻഷുറൻസ് | ക്യാഷ് ബാങ്കിലേക്ക്കൊണ്ടുവരിക, കൊണ്ടു പോകുക എന്നിവക്ക് പുറമെ ക്യാഷ് ലോക്കറിൽ നിന്ന് നഷ്ടമാവുക. |
| ഫിഡലിറ്റി ഗ്യാരണ്ടി | ജീവനക്കാർ ചെക്ക്, ക്യാഷ് എന്നിവ തിരിമറി നടത്തിയാലുള്ള നഷ്ട പരിഹാരം. |
| മെഷീനറി ബ്രേക്ക്ഡൗൺ ഇൻഷുറൻസ് | മെക്കാനിക്കൽ അല്ലെങ്കിൽ ഇലക്ട്രിക്കൽ ബ്രേക്ക് ഡൗൺ മൂലം ഉണ്ടായേക്കാവുന്ന നാശനഷ്ടങ്ങൾ |
| ഇലക്ട്രോണിക് എക്വിപ്മന്റ് | തീപിടുത്തം, കളവ് മറ്റുകേടുപാടുകൾ എന്നീ റിസ്കുകൾ കവർ ചെയ്യുന്നു. |
| പബ്ലിക് ലയബിലിറ്റി | നിങ്ങളുടെസ്ഥാപനത്തിന്റെ പ്രവർത്തനം മൂലം പൊതുജനങ്ങൾക്കുണ്ടായേക്കാവുന്ന നാശനഷ്ടങ്ങൾ കവർചെയ്യുന്ന പോളിസി. |
| വർക്മെൻ കോമ്പൻസേഷൻ | തൊഴിലാളികൾക്കും തൊഴിലിലൂടെ ഉണ്ടായെക്കാവുന്ന അപകടങ്ങളും തൊഴിൽ ജന്യ രോഗങ്ങളും. |

| | |
|---|---|
| പ്രോഡക്ട് ലയബിലിറ്റി | ഒരു ഉൽപന്നത്തിന്റെ ഗുണമേന്മയിലുള്ള തകരാറുമൂലം ഉപഭോക്താവിനുണ്ടാവുന്ന കഷ്ടനഷ്ടങ്ങൾ ഇതിൽ കവർ ചെയ്യുന്നു. |
| മെഡിക്ലെയിം ഇൻഷുറൻസ് | അസുഖം മൂലം അപകടം മൂലം ഉണ്ടാകാവുന്ന ആശുപത്രി ചിലവുകൾക്കുള്ള പരിഹാരമാർഗ്ഗം. |
| പേഴ്സണൽ ആക്സിഡന്റ് | അപകടമരണം, അംഗവൈകല്യം, അപകടം മൂലമുള്ള ആശു പത്രി ചിലവ് തുടങ്ങി ഒട്ടനവധി റിസ്കുകൾ കവർ ചെയ്യുന്നു. |
| ഗ്രൂപ്പ് ടേം കവർ | അസുഖം മൂലമോ, അപകടം മൂലമോ ജീവഹാനി സംഭവിച്ചാലുള്ള നഷ്ടപരിഹാരം ഈ പോളിസിയുടെ കവർ ചെയ്യുന്നു. |
| വാഹന ഇൻഷുറൻസ് | വാഹനാപകടങ്ങൾ, കളവ്, പ്രകൃതി ദുരന്തങ്ങൾ മുതലായ ഒരുഡസനോളം റിസ്കുകൾ കവർ ചെയ്യുന്ന പോളിസി (ഇതിൽ തേയ്മാനം കണക്കാക്കാതെ ഇൻഷുർ ചെയ്യുന്ന പോളിസിയും ഉൾപ്പെടുന്നു). |
| മറൈൻ ഇൻഷുറൻസ് | സാധനങ്ങൾ ഫാക്ടറിയിൽ നിന്നോ ഗോഡൗണിൽ നിന്നോ റോഡ്, റെയിൽ എന്നിവ വഴി കയറ്റി ക്കൊണ്ടു പോകുമ്പോൾ ഉണ്ടാവുന്ന നാശനഷ്ടങ്ങൾ കവർ ചെയ്യുന്നു. |
| ഗ്രൂപ്പ് ഗ്രാറ്റുവിറ്റി | തൊഴിലുടമ തൊഴിലാളിക്ക് പിരിഞ്ഞു പോകുന്ന അവസരത്തിൽ നൽകേണ്ട നിയമപരമായ ബാധ്യതയാണിത്. |

**മാനേജിംഗ് ഡയറക്ടർ, എയിംസ് ഇൻഷുറൻസ് ബ്രോക്കിംങ് പ്രൈവറ്റ് ലിമിറ്റഡ്.**
**ഫോൺ: 9895768333. ഇ-മെയിൽ: odatt@aimsinsurance.in**




# കണ്ണൂരിലെ ജനറൽ എഞ്ചിനീയറിംഗ് മേഖലയിലെ സംരംഭകർക്ക് ശുഭപ്രതീക്ഷ പകർന്ന്
# കോമൺ ഫെസിലിറ്റി സെന്റർ



സൂരജ് എസ്.

കണ്ണൂർ ജില്ലയിലെ പയ്യന്നൂർ താലൂക്കിൽ പാണപ്പുഴയിൽ ജനറൽ എഞ്ചിനീയറിംഗ് ക്ലസ്റ്റർ (മേ. നോർത്ത് മലബാർ ജനറൽ എഞ്ചിനീയറിംഗ് അസോസിയേഷൻ) സ്ഥാപിക്കുന്നതിന് MSE-CDP പദ്ധതി പ്രകാരം കേന്ദ്ര സർക്കാർ അംഗീകാരം നൽകി. 999 ലക്ഷം രൂപയാണ് മൊത്തം പദ്ധതി നിർവഹണ ചിലവ്. 799.20 ലക്ഷം രൂപ (80%) കേന്ദ്ര വിഹിതവും, 149.85 ലക്ഷം രൂപ (15%) സംസ്ഥാന വിഹിതവും, 49.95 ലക്ഷം രൂപ (5%) എസ്.പി.വി വിഹിതവുമാണ്. ഭൂലഭ്യത, കെട്ടിട നിർമ്മാണ പ്രവർത്തനങ്ങൾ, പ്ലാന്റ് സജ്ജീകരണം, യന്ത്രങ്ങളുടെ ഇൻസ്റ്റാളേഷൻ എന്നിവ ഉൾപ്പെടെയുള്ള പദ്ധതി ചെലവിനൊപ്പം മൂലധനമായി കണക്കാക്കുന്ന 25 ലക്ഷം രൂപയും ഈ തുകയിൽ ഉൾപ്പെടുന്നു.

മിതമായ ചെലവിൽ അസംസ്കൃത വസ്തുക്കൾ ലഭ്യമാക്കുന്നതിനായി പ്രോസസ് ലേഔട്ട് തയ്യാറാക്കൽ, റിവേഴ്സ് എഞ്ചിനീയറിംഗ് എന്നിവയുൾപ്പെടെയുള്ള ഘടകങ്ങളുടെ രൂപകൽപ്പനയും വികസനവും പദ്ധതി നിർവഹണത്തിൽ ഉൾപ്പെടുന്നു. സംരംഭകർക്ക് അതിനൂതന സാങ്കേതിക പിന്തുണ ഉറപ്പാക്കുന്നതിനൊപ്പം യുവാക്കൾക്ക് നൈപുണ്യ വികസന പരിശീലനം, ഡിസൈൻ ഡെവലപ്മെന്റ്, ഫാബ്രിക്കേഷൻ - പ്രിസിഷൻ മെഷീൻ, ഗുണനിലവാര പരിശോധനാ സൗകര്യങ്ങളും സി.എഫ്.സി.യിൽ ഉണ്ടായിരിക്കും.

കോമൺ ഫെസിലിറ്റി സെന്റർ പൂർത്തിയാകുന്നതോടുകൂടെ ക്ലസ്റ്റർ യൂണിറ്റുകളുടെ എണ്ണം 600 ആയി അധികരിക്കുകയും ക്ലസ്റ്റർ വിറ്റുവരവ് 80 കോടിയായി കുറയുകയും വർദ്ധിക്കുകയും ചെയ്യുമെന്ന് കണക്കാക്കുന്നു. 8000 ത്തോളം തൊഴിൽ അവസരങ്ങൾ പ്രസ്തുത പദ്ധതിയിലൂടെ സൃഷ്ടിക്കപ്പെടുമെന്നാണ് പ്രതീക്ഷിക്കുന്നത്.

# എന്താണ് ക്ലസ്റ്ററുകൾ



ഒരു ക്ലസ്റ്റർ എന്നത് തിരിച്ചറിയാവുന്നതും ഒരു നിശ്ചിത അകലത്തിൽ ഒരു പ്രദേശത്ത് (ഒരു പരിധി വരെ) സ്ഥിതി ചെയ്യുന്ന ഒരു കൂട്ടം സംരംഭങ്ങളാണ്. ഭൂമി ശാസ്ത്രപരമായ പ്രദേശത്തിനപ്പുറത്തേക്ക് പോയി ലിങ്ക് ചെയ്യാവുന്ന സമാന ഉൽപ്പന്നങ്ങൾ/അനുബന്ധ ഉൽപ്പന്നങ്ങൾ/സേവനങ്ങൾ നിർമ്മിക്കുന്ന സൂക്ഷ്മ ചെറുകിട വ്യവസായ സംരംഭങ്ങളുടെ ശൃംഖലയെയും ക്ലസ്റ്ററുകളായി പരിഗണിക്കാറുണ്ട്.

പൊതുവായ ഭൗതിക അടിസ്ഥാന സൗകര്യങ്ങൾ ഉപയുക്തമാക്കി സമാനമായ ഉത്പന്നങ്ങൾ നിർമിക്കുന്നതിന് ഒരു ക്ലസ്റ്ററിലെ വ്യവസായ യൂണിറ്റുകൾക്ക് സാധിക്കുന്നതാണ്. ഇപ്രകാരം ക്ലസ്റ്ററുകൾ രൂപീകരിച്ച് അടിസ്ഥാന സൗകര്യങ്ങൾ വർധിപ്പിക്കുന്നതിലൂടെ കൂടുതൽ ഗുണനിലവാരമുള്ള ഉത്പന്നങ്ങൾ കുറഞ്ഞ ഉത്പാദന ചിലവിൽ നിർമിക്കുന്നതിനും ആ ഉത്പന്നങ്ങൾ വിപണിയിൽ എത്തിക്കുന്നതിനും ക്ലസ്റ്ററിലെ അംഗങ്ങളായ വ്യവസായ യൂണിറ്റുകൾക്ക് സാധിക്കുന്നതാണ്.

സമാന അസംസ്കൃത വസ്തുക്കൾ ഉപയോഗിച്ച് ഉത്പാദന പ്രക്രിയയിൽ ഏർപ്പെടുന്ന യൂണിറ്റുകളെ കണ്ടെത്തുകയും അവയെ സംയോജിപ്പിച്ച് അവർക്ക് ആവശ്യമായ പൊതുസൗകര്യങ്ങൾ ഒരുക്കുന്നതിനും അതത് ജില്ലാ വ്യവസായ കേന്ദ്രങ്ങൾ മുഖേനയാണ് ക്ലസ്റ്ററുകൾ കണ്ടെത്തുന്നത്. ഇത്തരത്തിൽ തിരഞ്ഞെടുക്കപ്പെടുന്ന യൂണിറ്റുകൾ സംയുക്തമായി കമ്പനീസ് ആക്ട് പ്രകാരം പുതിയ കമ്പനികൾ രൂപീകരിച്ചാണ് പൊതുവായ ഉത്പാദന പ്രക്രിയകൾക്കാവശ്യമായ കോമൺ ഫെസിലിറ്റി സെന്ററുകൾ പോലുള്ള അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ നടപ്പിലാകുന്നത്.

കേരളത്തിൽ ഇതിനോടകം വുഡ് പ്രോസസ്സിംഗ് (ഫർണിച്ചർ) മേഖല, റബ്ബർ, പ്ലാസ്റ്റിക്, പ്ലൈവുഡ്, ടൈൽ, പ്രിന്റിങ്, സ്റ്റീൽ, ജനറൽ എൻജിനീയറിംഗ്, ഭക്ഷ്യ സംസ്കരണം (റൈസ്, പപ്പടം) എന്നീ മേഖലകളിൽ ക്ലസ്റ്ററുകൾ രൂപീകരിക്കുവാൻ സാധിച്ചിട്ടുണ്ട്.

## കേന്ദ്ര എംഎസ്എംഇ മന്ത്രാലയത്തിന്റെ എം.എസ്.ഇ. –സി.ഡി.പി. സ്കീം

സൂക്ഷ്മ ചെറുകിട വ്യവസായ മേഖലയിലെ സംരംഭങ്ങൾക്ക് കുറഞ്ഞ ചിലവിൽ ഗുണമേന്മയുള്ള ഉത്പന്നങ്ങൾ നിർമ്മിക്കുന്നതിന് ആവശ്യമായ അടിസ്ഥാന സൗകര്യം ഒരുക്കുന്നതിനായി അത്തരം വ്യവസായ ക്ലസ്റ്ററുകളിൽ കോമൺ ഫെസിലിറ്റി സെന്ററുകൾ സ്ഥാപിക്കുന്നതിനായി ഒരുക്കിയിരിക്കുന്ന പദ്ധതിയാണ് കേന്ദ്ര എം.എസ്.എം.ഇ. മന്ത്രാലയത്തിന്റെ എം.എസ്.ഇ.-സി.ഡി.പി. സ്കീം. വ്യവസായ വാണിജ്യ ഡയറക്ടറേറ്റിന്റേയും ജില്ലാ വ്യവസായ കേന്ദ്രങ്ങളുടേയും വ്യവസായ ക്ലസ്റ്റർ യൂണിറ്റുകളുടെ സഹകരണത്തോട് കൂടിയാണ് പദ്ധതി നടപ്പിലാക്കി വരുന്നത്. കേരള ബ്യൂറോ ഓഫ് ഇൻഡസ്ട്രിയൽ പ്രൊമോഷനാണ് (കെ-ബിപ്പ്) കേരളത്തിലെ പ്രസ്തുത പദ്ധതിയുടെ ഇംപ്ലിമെന്ററിംഗ് ഏജൻസി.




കേന്ദ്ര സർക്കാരിന്റെ എം.എസ്. ഇ.-സി.ഡി.പി. പദ്ധതി പ്രകാരം സംസ്ഥാനത്ത് നാളിതുവരെ 16 ക്ലസ്റ്ററുകളിൽ കോമൺ ഫെസിലിറ്റി സെന്റർ (പൊതു സൗകര്യ കേന്ദ്രങ്ങൾ) സ്ഥാപിക്കുവാൻ കേന്ദ്ര സർക്കാരിന്റെ അംഗീകാരം ലഭിച്ചിട്ടുണ്ട്. ഇതിൽ 7,522.45 ലക്ഷം രൂപയുടെ 12 പദ്ധതികൾ പൂർത്തീകരിച്ച് പ്രവർത്തനം ആരംഭിച്ചു കഴിഞ്ഞു. ബാക്കി 4,997.30 ലക്ഷം രൂപയുടെ 4 പദ്ധതികൾ നടപ്പിലാക്കുന്നതിന്റെ വിവിധ ഘട്ടങ്ങളിലാണ്.■

### ബയോ കണക്റ്റ് 3.0: കേരള ലൈഫ് സയൻസസ് കോൺക്ലേവ്

# ജീവശാസ്ത്ര മേഖലയിലെ പുതിയ ചുവടുവയ്പ്പിന് കേരളം ഒരുങ്ങുന്നു



വിഷ്ണുരാജ് പി. ഐ.എ.എസ്.




*"I2I - Idea to innovation to industry"*

ആരോഗ്യം, വിദ്യാഭ്യാസം, ജീവിത നിലവാരം തുടങ്ങിയ മേഖലകളിൽ മികച്ച മുന്നേറ്റങ്ങൾ നടത്തുന്ന കേരളം, ഇന്ന് ലൈഫ് സയൻസസ്, വൈദ്യശാസ്ത്ര മേഖലകളിൽ ആഗോള നിലവാരത്തിലുള്ള നേട്ടങ്ങൾ കൈവരിച്ചിരിക്കുകയാണ്. ശക്തമായ പൊതുജനാരോഗ്യ സംവിധാനം, ഗവേഷണണോപാധികൾ, അറിവാധിഷ്ഠിത വ്യവസായിക അന്തരീക്ഷം എന്നിവയുടെ അടിസ്ഥാനത്തിൽ, ബയോടെക്, ഫാർമ, മെഡിക്കൽ ഉപകരണങ്ങൾ, അത്യാധുനിക ആരോഗ്യ അടിസ്ഥാന സൗകര്യങ്ങൾ എന്നിവയിൽ കേരളം മുന്നേറ്റം രേഖപ്പെടുത്തുന്നു. ഈ വളർച്ചയ്ക്ക് കൂടുതൽ ഊർജം പകരാനായി ഒക്ടോബർ 9, 10 തീയതികളിൽ ബയോ കണക്റ്റ് 3.0: കേരള ലൈഫ് സയൻസസ് കോൺക്ലേവ് സംഘടിപ്പിക്കുകയാണ്. കേരള ലൈഫ് സയൻസസ് ഇൻഡസ്ട്രീസ് പാർക്കും കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ഡെവലപ്മെന്റ് കോർപ്പറേഷനും ചേർന്ന് നടത്തുന്ന കോൺക്ലേവിന് കോവളത്തെ ദി ലീല ഹോട്ടൽ വേദിയാകും.

ലൈഫ് സയൻസസ് മേഖലയിലെ ഭാവി സാധ്യതകളെക്കുറിച്ച് ചർച്ച ചെയ്യാൻ വ്യവസായ രംഗത്തെ നേതാക്കളെയും ഗവേഷകരെയും നയ രൂപീകരണ വിദഗ്ധരെയും ഒരുമിച്ച് കൊണ്ടുവരുക എന്നതാണ് കോൺക്ലേവിന്റെ പ്രധാന ലക്ഷ്യം. വ്യവസായ അക്കാദമിക് സഹകരണത്തിനുള്ള അവസരങ്ങൾ, വിപുലമായ നെറ്റ്വർക്കിംഗ്സൗകര്യങ്ങൾ, കൂടാതെ മേഖലയിലെ പുതിയ മുന്നേറ്റങ്ങളുടെ പ്രദർശനങ്ങൾ എന്നിവയും പരിപാടിയുടെ ഭാഗമായി നടക്കും. സംസ്ഥാനത്തിന്റെ ലൈഫ് സയൻസ് രംഗത്ത് കൂടുതൽ സുസ്ഥിരമായ വളർച്ചക്ക് വഴിയൊരുക്കുന്ന പ്രധാന വേദിയായാണ് പരിപാടിയെ കണക്കാക്കുന്നത്.

ആരോഗ്യ രംഗത്തെ ഉന്നത നേട്ടങ്ങൾ, ഗവേഷണ സ്ഥാപനങ്ങളുടെ ശേഷി, വ്യവസായിക വളർച്ച എന്നീ മൂന്ന് പ്രധാന തൂണുകളിലാണ് കേരളത്തിന്റെ ലൈഫ് സയൻസസ് മേഖല നിലകൊള്ളുന്നത്. രാജ്യത്തെ മുൻനിര സ്ഥാപനങ്ങളായ രാജീവ് ഗാന്ധി സെന്റർ ഫോർ ബയോ ടെക്നോളജി, ശ്രീചിത്ര തിരുനാൾ ഇൻസ്റ്റിറ്റിയൂട്ട് ഫോർ മെഡിക്കൽ സയൻസസ് ആൻഡ് ടെക്നോളജി കൂടാതെ ബയോ 360 ലൈഫ് സയൻസസ് പാർക്ക് എന്നിവയാണ് സംസ്ഥാനത്തെ ലൈഫ് സയൻസ് രംഗത്തെ മികവിന്റെ കേന്ദ്രങ്ങൾ. മെഡിക്കൽ ഉപകരണങ്ങൾ, ജനറ്റിക് റിസർച്ച്, ട്രാൻസ്ലാഷണൽ മെഡിസിൻ തുടങ്ങിയ മേഖലകളിൽ ഈ സ്ഥാപനങ്ങൾ നിർണായക പങ്ക് വഹിക്കുന്നു. ഫാർമ മേഖലയും, പ്രകൃതി അധിഷ്ഠിത ഉൽപ്പന്നങ്ങൾ, ബയോഫാർമ, ന്യൂട്രാസ്യൂട്ടിക്കൽസ് തുടങ്ങിയ മെഡിക്കൽ ടെക്നോളജി രംഗത്ത് പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്ക് കേരളം നിക്ഷേപത്തിനുള്ള മികച്ച അവസരങ്ങൾ ഒരുക്കുന്നു.

ആശുപത്രികളിൽ മാത്രം ഒതുങ്ങാതെ, കേരളത്തിലെ മെഡിക്കൽ മേഖല ഇന്ന് സമഗ്രമായ ഒരു ആവാസ വ്യവസ്ഥയായി വളരുകയാണ്. രാജ്യാന്തര നിലവാരത്തിലുള്ള, ഇന്ത്യൻ ഡിസൈൻ അടിസ്ഥാനമാക്കിയ മെഡിക്കൽ ഉപകരണങ്ങൾ വികസിപ്പിക്കുന്നതിൽ കേരളം ശ്രദ്ധ കേന്ദ്രീകരിക്കുകയും, വ്യക്തിഗത ചികിത്സ, ജീനോമിക്സ്, ബയോടെക് ഗവേഷണങ്ങളിൽ പുതിയ അവസരങ്ങൾ തുറന്നു കൊടുക്കുകയും ചെയ്യുന്നു. കൂടാതെ സംസ്ഥാനത്ത് ടെലിമെഡിസിൻ, ഡിജിറ്റൽ ഹെൽത്ത് റെക്കോർഡുകൾ, എ.ഐ. അടിസ്ഥാനമാക്കിയ ചികിത്സകൾ തുടങ്ങിയ മേഖലകളിൽ സ്റ്റാർട്ടപ്പുകൾ ഉയർന്ന് വരുന്നു. പ്രവാസികളുടെ പിന്തുണയും അന്താരാഷ്ട്ര പങ്കാളിത്തവും ഗവേഷണത്തിലും ഉൽപ്പന്ന വികസനത്തിലും സഹകരണങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനുള്ള പദ്ധതികളും സംസ്ഥാന സർക്കാർ നടപ്പിലാക്കി വരുകയാണ്.

International Conclave & Expo on **Life Sciences**

മുൻവർഷങ്ങളിൽ നടത്തിയ ബയോ കണക്ട് കോൺക്ലേവുകളുടെ വിജയത്തെ തുടർന്ന് നടത്തുന്ന ബയോ കണക്ട് 3.0, കേരളത്തിന്റെ ലൈഫ് സയൻസ് രംഗത്തെ മുന്നേറ്റങ്ങൾക്ക് കൂടുതൽ ശക്തി പകരും. 2024 സെപ്റ്റംബറിൽ നടന്ന കോൺക്ലേവിൽ ലൈഫ് സയൻസ് മേഖലയിലെ സ്വദേശത്തും വിദേശത്തും പ്രവർത്തിക്കുന്ന പ്രമുഖർ പങ്കെടുത്തു. തുറന്ന ചർച്ചകളും അക്കാദമിക് അവതരണങ്ങളും നടന്ന പരിപാടിയിൽ ആരോഗ്യ രംഗത്തെ പുതിയ കണ്ടെത്തലുകളും നൂതന സാങ്കേതിക മുന്നേറ്റങ്ങളും ചർച്ചയായി. കേരളത്തിലെ ആരോഗ്യ രംഗം നേരിടുന്ന വെല്ലുവിളികളെക്കുറിച്ചും അതിനായി നാം സ്വീകരിക്കേണ്ട പുതിയ സാങ്കേതിക വിദ്യകൾ, പ്രവർത്തനങ്ങൾ എന്നിവയെക്കുറിച്ചും സംവാദങ്ങൾ നടന്നു. കൂടാതെ മികച്ച രീതിയിലുള്ള ഡയഗ്നോസ്റ്റിക് ഉപകരണങ്ങൾ, ലൈഫ് സയൻസ് മേഖലയിലെ അടിസ്ഥാന വികസനം, വാക്സിനുകളുടെ കണ്ടെത്തലും വികാസവും , ഭക്ഷ്യ സുരക്ഷ പോഷകാഹാര ലഭ്യത എന്നിവയും സംവാദങ്ങൾക്ക് വിഷയമായി.

ആഗോള നിക്ഷേപകരും, അന്തർദേശീയ ബയോമെഡിക്കൽ കമ്പനികളും കോൺക്ലേവിൽ തങ്ങളുടെ സജീവ സാന്നിധ്യം അറിയിച്ചിരുന്നു. അഗപ്പെ ഡയഗ്നോസ്റ്റിക്, ശ്രീചിത്ര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട്, കെൽട്രോൺ തുടങ്ങിയ സ്ഥാപനങ്ങളുടെ പങ്കാളിത്തം കൊണ്ട് 2024 ൽ നടന്ന കോൺക്ലേവ് ശ്രദ്ധേയമായി. രാജീവ് ഗാന്ധി സെന്റർ ഫോർ ബയോടെക്നോളജി, നാഷണൽ റിസർച്ച് ഡെവലപ്മെന്റ് കോർപറേഷൻ, മഹാത്മാഗാന്ധി സർവകലാശാലയ്ക്ക് കീഴിലുള്ള ബിസിനസ് ഇന്നൊവേഷൻ ആൻഡ് ഇൻകുബേഷൻ സെന്റർ, കേരള അഗ്രികൾച്ചറൽ യൂണിവേഴ്സിറ്റി, നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ഇന്റർഡിസിപ്ലിനറി സയൻസ് ആൻഡ് ടെക്നോളജി, വിൻവിഷ് ടെക്നോളജീസ് പ്രൈവറ്റ് ലിമിറ്റഡ്, ഹൈക്ക മെഡിക്കൽസ് പ്രൈവറ്റ് ലിമിറ്റഡ് തുടങ്ങിയ സ്ഥാപനങ്ങളുടെ പ്രദർശനങ്ങളും കോൺക്ലേവിന്റെ ഭാഗമയി സംഘടിപ്പിച്ചിരുന്നു.

എല്ലാവർക്കും കുറഞ്ഞ നിരക്കിൽ ആതുരസേവനങ്ങൾ ലഭ്യമാക്കുക എന്നതാണ് സംസ്ഥാന സർക്കാരിന്റെ ലക്ഷ്യം. അത്യാധുനിക ഗവേഷണം, സർക്കാർ പിന്തുണ, വ്യവസായ പങ്കാളിത്തം എന്നിവ ചേർന്നാണ് കേരളത്തിന്റെ ആരോഗ്യരംഗത്തെ ദേശീയതലത്തിൽ ഒന്നാമതാക്കുന്നത്. കേരളം ലൈഫ് സയൻസ് രംഗത്ത് സ്വന്തമായി നേടിയെടുത്ത ഈ മുന്നേറ്റങ്ങൾ വെറും വ്യവസായ വികസനത്തിന്റെ കഥമാത്രമല്ല, ജനങ്ങളുടെ ജീവിത നിലവാരത്തെ ഉയർത്താനുള്ള പ്രതിബദ്ധതയുടെ തെളിവുകൂടിയാണ്. ബയോ കണക്ട് 3.0 കേരളത്തെ ബയോമെഡിക്കൽ ഉപകരണങ്ങളുടെയും ഗവേഷണ മുന്നേറ്റങ്ങളുടെയും ഹബ്ബായി പ്രഖ്യാപിക്കുന്ന വേദിയാകും. ആരോഗ്യമേഖലയിലും വൈദ്യശാസ്ത്ര ഗവേഷണരംഗത്തും കേരളം സൃഷ്ടിക്കുന്ന മാതൃകകൾ, ഭാവി തലമുറകൾക്കായുള്ള ആരോഗ്യകരവും സുസ്ഥിരവുമായ സമൂഹം നിർമ്മിക്കുന്നതിനുള്ള വഴികാട്ടിയായി മാറും. ■

**കെ.എസ്.ഐ.ഡി.സി.
മാനേജിങ് ഡയറക്ടർ ആണ് ലേഖകൻ**

Scan for the initiative of Industries Department in the previous two years.







# 5% പലിശയ്ക്ക് രണ്ടു കോടി വരെ മുഖ്യമന്ത്രിയുടെ സംരംഭ വായ്പ പദ്ധതി തുടരും



ടി. എസ്. ചന്ദ്രൻ

മുഖ്യമന്ത്രിയുടെ സംരംഭകത്വ വികസന വായ്പ പദ്ധതി 2025-26 വർഷത്തിലേക്ക് നീട്ടി ക്കൊണ്ട് ഉത്തരവായിട്ടുണ്ട്. ഇക്കാര്യത്തിൽ ചെറിയ ആശയക്കുഴപ്പം നിലനിന്നിരുന്നു. അതെല്ലാം ഒഴിവാക്കുകയാണ് ചെയ്തത്. ഈ പദ്ധതി പ്രകാരമുള്ള വായ്പ ആനുകൂല്യം അഞ്ചു കോടിയായി ഉയർത്തും എന്ന് ധനമന്ത്രി പ്രഖ്യാപിച്ചിട്ടുണ്ട്. എങ്കിലും ഇത് സംബന്ധിച്ചുള്ള നടപടികൾ ഉണ്ടായിട്ടില്ല. ഇപ്പോൾ രണ്ടു കോടി രൂപ വരെയാണ് സംരംഭകർക്ക് ഈ പദ്ധതി പ്രകാരം വായ്പയായി ലഭ്യമാക്കുക. ഇപ്പോൾ രണ്ടു കോടി രൂപ വരെ 5% പലിശയ്ക്ക് വായ്പ ലഭിക്കും. കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ ആണ് പദ്ധതി നടപ്പിലാക്കുന്നത്. സംസ്ഥാന സർക്കാരിന്റെ ഒരു പദ്ധതിയാണ് ഇത്.

### പദ്ധതി ആനുകൂല്യങ്ങൾ

- രണ്ട് കോടി രൂപ വരെ അഞ്ചു ശതമാനം പലിശയിൽ സംരംഭകർക്ക് വായ്പ ലഭ്യമാക്കുന്നു ആദ്യത്തെ അഞ്ചു വർഷത്തേക്കാണ് ഈ ആനുകൂല്യം. 10% ആണ് വാർഷിക പലിശ ഇതിൽ 3% സംസ്ഥാന സർക്കാരും രണ്ട് ശതമാനം കെ.എഫ്.സി. യും വഹിക്കുന്നു എന്നതിനാലാണ് 5% പലിശയ്ക്ക് വായപ അനുവദിക്കുന്നത്.
- ടേം ലോൺ വർക്കിംഗ് ക്യാപിറ്റൽ ലോൺ എന്നിവയിൽ സംയുക്തമായോ പ്രത്യേകമായോ വായ്പ ലഭിക്കും.
- രണ്ട് കോടിയിൽ കൂടുതൽ വായ്പ ആവശ്യമായി വരുന്ന പദ്ധതികൾക്ക് രണ്ടു കോടി രൂപ വരെ 5% പലിശക്കും അതിനു മുകളിലുള്ള തുകയ്ക്ക് സാധാരണ കെ.എഫ്. സി. പലിശക്കും ആയിരിക്കും വായ്പ അനുവദിക്കുക. വായ്പ രണ്ട് കോടിയിൽ നിജപ്പെടുത്തുന്നില്ല എന്ന് സാരം.
- അംഗീകൃത പദ്ധതി ചെലവിന്റെ 90% വരെ ടേം ലോൺ ആയി ലഭിക്കുന്നതാണ് ഇതിൽ ഭൂമിയുടെ വില പ്രവർത്തന മൂലധന വിഹിതം എന്നിവ പരിഗണിക്കില്ല.
- പ്രവർത്തന മൂലധനം വിറ്റു വരവിന്റെ പരമാവധി 25 ശതമാനമായി കണക്കാക്കി 80 ശതമാനം വരെ പ്രവർത്തന മൂലധന സമയ വായ്പയായി അനുവദിക്കും.
- കുറഞ്ഞ വായ്പാ അഞ്ചു ലക്ഷവും ഏറ്റവും കുറഞ്ഞ സംരംഭകന്റെ വിഹിതം 10% വും ആയിരിക്കും.
- പരമാവധി ഒരു വർഷത്തെ മോറട്ടോറിയം ലഭിക്കും.
- വായ്പ ആനുകൂല്യം അഞ്ചു കോടിയായി ഉയർത്തും എന്ന് പ്രഖ്യാപിച്ചിട്ടുണ്ട് എങ്കിലും ഇപ്പോൾ രണ്ടു കോടി രൂപ വരെയുള്ള അപേക്ഷകളാണ് സ്വീകരിക്കുന്നത് ഇത് സംബന്ധിച്ചുള്ള ഉത്തരവ് ഇറങ്ങിയിട്ടില്ല.

### സ്റ്റാർട്ടപ്പുകൾക്കും അർഹത

- ഈ പദ്ധതി പ്രകാരമുള്ള ആനുകൂല്യങ്ങൾക്ക് സ്റ്റാർട്ടപ്പുകൾക്കും അർഹതയുണ്ട് ഉൽപാദനം, വാണിജ്യവൽക്കരണം, ഉൽപാദന തോത് ഉയർത്തൽ, എന്നീ ഘട്ടങ്ങളിൽ വായ്പ ലഭിക്കും.
- നിലവിലുള്ള സ്ഥാപനങ്ങൾക്കും വായ്പക്ക് അർഹത ഉണ്ടാകും. പുതിയ സംരംഭങ്ങളാണ് കൂടുതലായും ഈ പദ്ധതി പ്രകാരം പ്രതീക്ഷിക്കുന്നത്.
- സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങളുടെ നിർവചനത്തിൽ വരുന്ന സ്ഥാപനങ്ങൾക്ക് അർഹതയുണ്ട്.
- ഉൽപ്പാദനം തുടങ്ങി 18 മാസം അധികരിക്കാത്ത സംരംഭങ്ങളെ പുതിയ യൂണിറ്റുകളായും അതിനു മുകളിൽ വരുന്നവയെ നിലവിലുള്ള സംരംഭങ്ങളായും കണക്കാക്കുന്നു.
- നിലവിലുള്ള എം.എസ്.എം.ഇ. കൾക്ക് വികസനം, ആധുനികവൽക്കരണം, വൈവിധ്യ വൽക്കരണം എന്നീ ആവശ്യങ്ങൾക്കാണ് വായ്പ ലഭിക്കുക.
- ബാർ ഹോട്ടൽ, മെറ്റൽ ക്രഷർ, സിനിമ /സീരിയൽ നിർമ്മാണം, കച്ചവടം, ട്രാൻസ്പോർട്ട്, ഫിഷിങ്, ഫാമിംഗ്, റിയൽ എസ്റ്റേറ്റ് എന്നിവയ്ക്ക് വായ്പ ലഭിക്കില്ല.



### സംരംഭകന്റെ യോഗ്യത

- 50 വയസ്സിൽ താഴെയായിരിക്കണം പ്രായം. എന്നാൽ സ്ത്രീകൾ, NRK, SC, ST എന്നിവർക്ക് 55 വരെ ആകാവുന്നതാണ്.
- 50 വയസ്സ് എന്ന പ്രായപരിധി ഇപ്പോൾ അറുപതായി ഉയർത്തിയിട്ടുണ്ട്.
- സ്ഥിരം ജോലിക്കാർ ആയിരിക്കരുത്.
- എല്ലാ അംഗങ്ങളുടെയും കെ-വൈസി മികച്ചതായിരിക്കണം. 650 കുറയാത്ത സിബിൽ സ്കോർ വേണം.
- വിദ്യാഭ്യാസ യോഗ്യത ബാധകമല്ല.

### സെക്യൂരിറ്റിയും സബ്സിഡിയും

വായ്പയ്ക്ക് സെക്യൂരിറ്റി നൽകണം. പ്രാഥമിക ആസ്തികൾ, വായ്പ ഉപയോഗിച്ച് സമ്പാദിക്കുന്ന ആസ്തികൾ, കിട്ടാനുള്ളവ, വ്യക്തിപരമായ ഗ്യാരണ്ടികൾ, കൊലാറ്ററൽ സെക്യൂരിറ്റി, എഫ്.ഡി., ഇൻഷുറൻസ് പോളിസി, കടപ്പത്രങ്ങൾ, എന്നിവ സെക്യൂരിറ്റി ആയി സ്വീകരിക്കും. ഈ പദ്ധതി പ്രകാരം സബ്സിഡി ഒന്നും പറയുന്നില്ല. എന്നിരുന്നാലും ESS സ്കീം പ്രകാരവും നോർക്ക റൂട്ട്സ് പദ്ധതി പ്രകാരവും സബ്സിഡികൾക്ക് അർഹതയുണ്ടാകും. വ്യവസായ വകുപ്പ് നടപ്പാക്കിവരുന്ന ഇ.എസ്.എസ്. പ്രകാരമുള്ള ആനുകൂല്യങ്ങൾ നിർമ്മാണ യൂണിറ്റുകൾക്ക് ലഭിക്കുന്നതാണ്. ഇവർക്കുള്ള സബ്സിഡി കെ.എഫ്.സി. നേരിട്ട് ലഭ്യമാക്കും എന്ന് സൗകര്യവുമുണ്ട്. കൈത്താങ്ങ് സഹായവും സുഗമമായ പ്രവർത്തനങ്ങൾക്ക് വേണ്ട ഉപദേശ നിർദ്ദേശങ്ങളും കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ വഴി ലഭിക്കും. സംരംഭകർ കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ ജില്ലാ മേഖല ഓഫീസുകളുമായി ബന്ധപ്പെട്ട് അപേക്ഷ സമർപ്പിക്കാൻ ശ്രമിക്കുക. www.kfc.org എന്ന സൈറ്റിൽ നിന്നും ഓൺലൈൻ രജിസ്ട്രേഷൻ എടുക്കാം. അംഗീകൃത കൺസൾട്ടന്റുമാർ നൽകുന്ന വിശദമായ പദ്ധതി രൂപരേഖയും സംരംഭകർ സമർപ്പിക്കണം.

നിരീക്ഷണത്തിന്റെയും പഠനത്തിന്റെയും അടിസ്ഥാനത്തിൽ വിപണിയിൽ വിജയിക്കാവുന്ന ഒരു പദ്ധതി കണ്ടെത്തുക എന്നതാണ് പുതു സംരംഭകർ ചെയ്യേണ്ടത്. അത്തരം ഒരു പദ്ധതി യാഥാർത്ഥ്യബോധത്തോടെ നടപ്പാക്കാൻ കെ.എഫ്.സി. സഹായിക്കും.■

**സംസ്ഥാന വ്യവസായ വാണിജ്യ വകുപ്പ് മുൻ ഡെപ്യൂട്ടി ഡയറക്ടർ ആണ് ലേഖകൻ.**

KSSiA THE KERALA STATE SMALL INDUSTRIES ASSOCIATION [KSSF]

# കെ.എസ്.എസ്.ഐ.എ. സോഷ്യൽ സെക്യൂരിറ്റി ഫണ്ടിന്റെ വാർഷിക പൊതുയോഗം

KSSIA KSSF ന്റെ വാർഷിക പൊതുയോഗം ചെയർമാൻ എം. ഖാലിദിന്റെ അധ്യക്ഷതയിൽ സംസ്ഥാന കമ്മിറ്റി ഓഫീസ് ഹാളിൽ വച്ച് കെ.എസ്.എസ്.ഐ.എ. സംസ്ഥാന പ്രസിഡന്റ് എ. നിസാറുദ്ദീൻ ഉദ്ഘാടനം ചെയ്തു. ജനറൽ സെക്രട്ടറി ജോസഫ് പൈകട, വൈസ് പ്രസിഡന്റുമാരായ എ. ഫസിലുദ്ദീൻ, എ.വി. സുനിൽ നാഥ്, ജോസ് പി.ജെ., ട്രഷറർ ബി. ജയകൃഷ്ണൻ, കെ.എസ്.എസ്.എഫ്. വൈസ് ചെയർമാൻ സുഭാഷ് നാരായണൻ, ജോയിന്റ് കൺവീനർ പി. ദേവദാസ് എന്നിവർ സംസാരിച്ചു, ഇന്നുവരെ മരണപ്പെട്ട 76 അംഗങ്ങളുടെ കുടുംബങ്ങൾക്കായി 7,03,36,704/- രൂപയുടെ സഹായവും, ചികിത്സ സഹായത്തിൽ 147 അംഗങ്ങൾക്കായി 1,41,43,798/- രൂപയും, റിട്ടയർമെന്റ് ബെനിഫിറ്റ് ആയി 6,59,750/- രൂപയും ഉൾപ്പെടെ മൊത്തം 8,80,96,607/- രൂപയുടെ സേവനങ്ങൾ നൽകിയതായി ചെയർമാൻ അറിയിച്ചു, കേരളത്തിലെ എല്ലാ വ്യവസായികളെയും ഇതിന്റെ ഗുണഭോക്താക്കൾ ആക്കുവാൻ സംസ്ഥാന പ്രസിഡന്റ് നിസാറുദ്ദീൻ ആഹ്വാനം ചെയ്തു, കൺവീനർ ലെൻഫിലിപ്പ് ഒരു വർഷത്തെ റിപ്പോർട്ട് അവതരിപ്പിക്കുകയും, ട്രഷറർ മോർളി ജോസഫ് കണക്കും അവതരിപ്പിച്ചു.■




KSSF ന്റെ വാർഷിക പൊതുയോഗം സംസ്ഥാന പ്രസിഡന്റ് എ. നിസാറുദ്ദീൻ ഉദ്ഘാടനം ചെയ്തു കൊണ്ട് സംസാരിക്കുന്നു.



KSSF ന്റെ മരണാനന്തര സഹായമായ 10 ലക്ഷം രൂപയുടെ ചെക്ക് ചെയർമാൻ എം. ഖാലിദ് അന്തരിച്ച നെല്ലങ്കര പ്രൊഡക്ട്സ് ആന്റ് എഞ്ചിനിയറിങ്ങ് ഉടമയായിരുന്ന എൻ.കെ. സൈമണിന്റെ കുടുബാംഗത്തിന് നല്കുന്നു.

# KSSiA NEWS

വ്യവസായ മാസിക

www.kssia.com

kssianews@gmail.com e-magazine

JOURNAL OF THE KERALA STATE SMALL INDUSTRIES ASSOCIATION

***State Office:*** Building No. X/26A, HMT Industrial Estate, Kalamassery, Pin - 683 503.
***Regional Office:*** T. C. 94/2137, Thampuran Mukku, Kunnukuzhy, Vanchiyoor P. O., Thiruvananthapuram - 695 035.


## KSSIA News വ്യവസായ മാസിക

# വിജയവീഥി

## എന്ന പംക്തി ആരംഭിക്കുന്നു

പ്രിയ വ്യവസായി സുഹൃത്തേ,

കേരളത്തിലെ സംരംഭകരുടെ ഏറ്റവും പ്രചാരമുള്ള മാഗസിൻ ആണ് KSSIA News. എം.എസ്.എം.ഇ. മേഖലയിലെ വിവിധ സെക്ടറുകളുടെ ഏറ്റവും വലിയ കൂട്ടായ്മയിൽ 14 ജില്ലകളിൽ നിന്നുള്ള വ്യവസായികളുടെയും KSSIA-യിലെ അഫിലിയേറ്റഡ് സംഘടനയുടെയും വിവിധ പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനും അവരുടെ ക്ഷേമത്തിനും, ഉന്നമനത്തിനും ആധുനിക സാങ്കേതിക വിദ്യകൾ സംരംഭകർക്ക് പരിചയപ്പെടുത്തുകയും നിലവിലെ സംരംഭകർക്ക് സ്ഥാപനങ്ങൾ കാലാനുസൃതമായി നവീകരിക്കേണ്ട ആശയങ്ങൾ അവരിലേക്ക് എത്തിച്ചു നൽകുന്ന KSSIA കേരള സർക്കാരിന്റെ ഗ്രാന്റോടുകൂടി പ്രവർത്തിക്കുന്ന ഏക സംഘടനയാണ്. സർക്കാർ രൂപീകരിച്ച 40 കമ്മിറ്റികളിൽ സംഘടനയ്ക്ക് പ്രാതിനിധ്യം ഉണ്ട്. സംഘടനയെയും സംരംഭകരെയും പൊതു സമൂഹത്തെയും കൂട്ടിയിണക്കുന്ന KSSIA News, സർക്കാർ സംബന്ധമായ ഉത്തരവുകൾ, വ്യവസായ വികസനത്തെ സംബന്ധിച്ചുള്ള ലേഖനങ്ങൾ ജി.എസ്.ടി. യെക്കുറിച്ചുള്ള വിലയേറിയ അറിവുകൾ, കെ.എസ്.ഐ.ഡി.സി., കെ.-ബിപ്പ് എന്നീ ഡിപ്പാർട്ട്മെന്റുകളിലെ ഐ.എ.എസ്. ഉദ്യോഗസ്ഥർ എഴുതുന്ന വ്യവസായ സംബന്ധമായ പംക്തികൾ എന്നിവ ഉൾപ്പെടുത്തി കൊണ്ട് KSSIA News - Vyavasayam എന്ന പേരിൽ മാസിക പ്രസിദ്ധികരിച്ച് കഴിഞ്ഞ 20 വർഷത്തോളമായി അംഗങ്ങൾക്കും, സർക്കാർ ഓഫീസുകളിലും, മറ്റു അനുബന്ധ ഓഫീസുകളിലും, കേരളത്തിലെ മുഴുവൻ പഞ്ചായത്തിലും സൗജന്യമായി അയച്ചു കൊടുക്കുന്നു.

വിവിധ മേഖലയിൽ പ്രവർത്തിക്കുന്ന എം.എസ്.എം.ഇ. സംരംഭകർക്ക് അവരുടെ സ്ഥാപനത്തെയും ഉൽപ്പന്നത്തെയും പറ്റി പൊതുസമൂഹത്തിന് അറിവ് നൽകുന്നതിനുള്ള ഒരു പദ്ധതിയ്ക്കാണ് KSSIA News അവസരം ഒരുക്കിയിരിക്കുകയാണ്. അടുത്ത ലക്കം മുതൽ വിജയവീഥി എന്ന പേരിൽ ഒരു പംക്തി ആരംഭിക്കുകയാണ്. ഇതിലൂടെ താങ്കളുടെ വിജയ വഴിയും മുന്നോട്ടുള്ള ലക്ഷ്യവും വായനക്കാരിലേക്ക് എത്തിക്കുന്നതിനാണ് KSSIA News വഴിയൊരുക്കുന്നത്. ഓരോ മാസവും ഓരോ വ്യവസായിയുടെ വിജയഗാഥയാണ് പ്രസിദ്ധീകരിക്കുക. ഇതിനു വേണ്ടി കെ.എസ്.എസ്.ഐ.എ.-യുടെ എല്ലാ ജില്ലാ പ്രസിഡന്റുമാരും, ജില്ലാ സെക്രട്ടറിമാരും, ജില്ലാ കമ്മറ്റിയും മുൻകൈ എടുത്ത് അവരവരുടെ ജില്ലയിലെ ഊർജ്ജസ്വലരായ സംരംഭകരെ കണ്ടെത്തി അവരുടെ വിജയഗാഥ നമ്മുടെ മാഗസിനിൽ പ്രസിദ്ധികരിക്കാൻ വേണ്ട സഹായങ്ങൾ ചെയ്ത് ഈ ഉദ്യമത്തിനെ വിജയിപ്പിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

എസ്. സലിം
**ചീഫ് എഡിറ്റർ**

**കൂടുതൽ വിവരങ്ങൾക്ക് താഴെ കാണുന്ന എഡിറ്റോറിയൽ ബോർഡ് മെമ്പേഴ്സുമായി ബന്ധപ്പെടുക.**


| | | | |
|---|---|---|---|
| എ. നിസാറുദ്ദീൻ................. | ✆ 94477 10078 | ജോസഫ് പൈകട......... | ✆ 94972 24422 |
| ഇഷാക് കെ. ...................... | ✆ 98470 08185 | തോമസ് മാത്യു............. | ✆ 80756 59942 |
| ഡോ. കെ.എം. ഖാലിദ്........ | ✆ 94460 34576 | രാജേഷ് ജി. ................. | ✆ 98957 03837 |





വിജയവീഥി

# ബിസിനസിന്റെ കരുത്ത് സ്വായത്തമാക്കിയ ഐസർ പൈപ്പ് ആൻഡ് ആക്സസറീസ്



40 വർഷത്തെ പ്രവർത്തന പരിചയവും അതോടൊപ്പം വർഷങ്ങളായുള്ള വിശ്വസ്തതയും കാത്തുസൂക്ഷിക്കാൻ കഴിഞ്ഞിട്ടുള്ള ബ്രാൻഡ് ആണ് aizar.



വജ്ര പ്ലാസ്റ്റിക് എന്ന പേരിൽ ആരംഭിച്ച കമ്പനിയുടെ അമരക്കാരനായ അബ്ദുൾ ജബ്ബാർ എളിയ രീതിയിൽ കെട്ടിപ്പടുക്കുകയും വ്യവസായിക മണ്ഡലത്തിൽ ഇന്ത്യ ഒട്ടാകെ വിശിഷ്യ സൗത്ത് ഇന്ത്യയുടെ എല്ലാ സ്ഥലത്തും ബിസിനസ് വികസിപ്പിക്കുവാൻ അദ്ദേഹത്തിന് കഴിഞ്ഞു.

ഹൈക്കൗണ്ട് എന്ന പ്രശസ്ത കമ്പനിയിൽ നിന്ന് ആർജ്ജിച്ചെടുത്ത് കഴിവ് ഇന്ന് അതിനേക്കാൾ മുൻ നിരയിൽ എത്തിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. സ്വയം തൊഴിൽ ചെയ്ത് തന്റെ വ്യവസായത്തിൽ ഗുണമേന്മയിൽ ഉയർന്ന നിലവാരം പുലർത്താൻ കഴിഞ്ഞു എന്നുള്ള ശ്രേഷ്ഠത വളരെ വലുതാണ്.

1995ൽ തുടങ്ങിയ വ്യവസായത്തിൽ കാലാന്തരത്തിൽ വരുത്തേണ്ട മാറ്റത്തിന് വിധേയമായി നൂതന ആശയങ്ങൾ കൊണ്ടുവരാനും കഴിഞ്ഞിട്ടുണ്ട് ടെക്നോളജിയുടെ ആവിർഭാവം aizar ബ്രാൻഡിൽ പ്രാവർത്തികമാക്കി എന്നതും ശ്രദ്ധേയമാണ്.

1/2” മുതൽ 12” വരെയുള്ള പൈപ്പുകളും ഫിറ്റിംഗ്സും റെയിൻ വട്ടർ, പി.വി.സി. സ്റ്റെയിൻലെസ് സ്റ്റീൽ വാട്ടർ ടാങ്കുകളും, കൃഷി വ്യവസായ ആവശ്യത്തിലേക്കുള്ള നിലവാരമുള്ള വാട്ടർ ഹോസുകൾ, aizar ന്റെ ഉൽപ്പന്നങ്ങളാണ്.

ISO, ISI, അംഗീകാരത്താൽ കൃത്യതയോടെ ഉപഭോക്താക്കൾക്ക് സർവീസ് ലഭ്യമാക്കാൻ ജബ്ബാർ എടുക്കുന്ന എഫർട്ട് ചെറുതല്ല. തന്നെ തേടിയെത്തിയ പുരസ്കാരങ്ങൾ അതിന് ഉദാഹരണങ്ങളാണ്.

കേരള സ്റ്റേറ്റ് ബെസ്റ്റ് എന്റർപ്രണർ അവാർഡ് 2014-15, കേരള സ്റ്റേറ്റ് ബെസ്റ്റ് എന്റർപ്രണർ അവാർഡ് എറണാകുളം 2012-13, ബെസ്റ്റ് അവാർഡ് റവന്യൂ പെർഫോമൻസ് സെൻട്രൽ എക്സൈസ് 2015-16, കേരള ഗവൺമെന്റ് പരിസ്ഥിതി ജനകീയ അവാർഡ് 2015 ഇവയിൽ ചിലതുമാത്രം.



സാമൂഹ്യ പ്രവർത്തനങ്ങളിൽ കെ.എസ്.എസ്.ഐ.എ. എറണാകുളം ജില്ലാ ട്രഷറർ, കെ.പി.എം.എ. സംസ്ഥാന കമ്മിറ്റി അംഗം, ജനറൽ കൗൺസിൽ അംഗം, പ്രസിഡന്റ്, എടത്തല ചേംബർ ഓഫ് കോമേഴ്സിന്റെ പ്രസിഡന്റ്, മലയപ്പിള്ളി ജുമാ മസ്ജിദ് എന്നിവയുടെ സാരഥിയുമാണ്.

പ്രയാസങ്ങളിലും പ്രതിസന്ധികളിലും പ്രാർത്ഥനയുമായി തന്നോടൊപ്പം ഉള്ള റസിയ അബ്ദുൾ ജബ്ബാർ സഹധർമ്മിണിയും ബാംഗ്ലൂരിൽ നിന്നും എം.ബി.എ. കഴിഞ്ഞ മകൻ ഷാഫി ബിസിനസിൽ സഹായിയുമാണ്. മകൾ ഷഫ്ന വിവാഹിതയാണ്.

അർപ്പണ മനോഭാവത്തോടെ വ്യവസായത്തെ കാണുകയും സാമൂഹ്യ നന്മയ്ക്കായി പ്രവർത്തിക്കുകയും ചെയ്യുന്ന അബ്ദുൾ ജബ്ബാർ എല്ലാ വ്യവസായികൾക്കും ഒരു മാർഗ്ഗദർശിയാണ്.

**തയ്യാറാക്കിയത്: ഡോ. കെ.എം. ഖാലിദ്, എഡിറ്റോറിയൽ ബോർഡ് അംഗം.**

# ജില്ലാ വാർത്തകൾ




കേരള സർക്കാരും വ്യവസായ വകുപ്പും സംയുക്തമായി സംഘടിപ്പിച്ച കാർഷികോത്സവും, വ്യവസായ പ്രദർശന മേളയും ബഹു. വ്യവസായ നിയമ കയർ വകുപ്പ് മന്ത്രി പി. രാജീവ് ഉദ്ഘാടനം ചെയ്ത പരിപാടിയിൽ സംസ്ഥാന പ്രസിഡന്റ് എ. നിസാറുദ്ദീൻ പങ്കെടുത്ത് ആശംസകൾ നേർന്നു.




എടയാർ സ്മാൾ സ്കെയിൽ ഇൻഡസ്ട്രീസ് അസോസിയേഷന്റെ ബിൽഡിങ്ങ് ഉദ്ഘാടന ചടങ്ങിൽ സംസ്ഥാന പ്രസിഡന്റ് എ. നിസാറുദ്ദീൻ മുഖ്യ പ്രഭാഷണം നടത്തുന്നു.





കെ.എസ്.എസ്.ഐ.എ. ഹാളിൽ വച്ച് സംഘടിപ്പിച്ച കേരള ഐസ് മാനുഫാക്ചേറെഴ്സ് അസോസിയേഷന്റെ സംസ്ഥാന സമ്മേളനം ഉദ്ഘാടനം ചെയ്തുകൊണ്ട് സംസ്ഥാന പ്രസിഡന്റ് എ. നിസാറുദ്ദീൻ സംസാരിക്കുന്നു.



ട്രെയിനുകൾക്ക് ഓച്ചിറയിലും ശാസ്താംകോട്ടയിലും സ്റ്റോപ്പ് അനുവദിക്കുന്നതിന്റെ flagging off ചടങ്ങ് കേന്ദ്രമന്ത്രി ജോർജ് കുര്യൻ നിർവഹിച്ചു. പ്രസ്തുത ചടങ്ങിൽ ലോകസഭാംഗം കൊടിക്കുന്നിൽ സുരേഷ്, DRUCC അംഗം എ. നിസാറുദ്ദീൻ എന്നിവർ സന്നിഹിതരായിരുന്നു.




കെ.എസ്.എസ്.ഐ.എ. കാസർഗോഡ് ജില്ലയുടെ വാർഷിക പൊതു യോഗത്തിൽ സംസ്ഥാന പ്രസിഡന്റ് എ. നിസാറുദ്ദീനെ ജില്ലാ പ്രസിഡന്റ് എസ്. രാജാരാമ മെമന്റോയും പൊന്നാടയും നല്കി ആദരിക്കുന്നു.



Wellply®
BWP (710 Grade Plywood)
IS 303 MR/BWR Grade Plywood
100% Calibrated
NARAYANAN T P
Managing Director
Wellply
IS : 710
ISI
CM/L 6400117097
BRAND NAME :
SIZE :
THICKNESS : 6/9/12/16/18 (MM)
GRADE & TYPE : BWP/ACC TREATED
NO. OF PLIES :
YEAR OF MFG. : 2023
CONTROL UNIT : SP/M-
OK CHECKED
BWP GRADE
100%
calibrated
INTEGRATED CORE PROTECTION SYSTEM
STRENGTH OF GURJAN
31 YEARS GUARANTEE
GLP TECHNOLOGY
100% BOILING WATER PROOF
PHENOL BONDED
35
Years of Trust
GUARANTEE
31
YEARS
SKY GROUP
Factory at Mayyil Road, Padikkunnu, Mullakkody (P.O), Kannur, Kerala
Office: Hotel Sky Palace, Thavakkara, Kannur
+91 9388772293 | +91 9544956565 wellply99@gmail.com

25th September, 2025, Kalamassery
Regn. No. KERBIL/2005/23143
KSSiA NEWS
Journal of The Kerala State Small Industries Association
Price ₹ 5.00




Publisher **A.Nizarudeen** and Printer Rajesh G. on behalf of The Kerala State Small Industries Association (KSSIA), X/26 A, HMT Industrial Estate, HMT Colony P.O., Kalamassery - 683 503, Phone: 94477 10078, Email: kssiastate@gmail.com, and Printed at Rajsree Industrial Printer, Edayar, Muppathadam, Ernakulam. Ph: 98957 03837 and published at HMT Industrial Estate, Kalamassery, Ernakulam District. Editor: S. Salim.